# പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ജനുവരി 03, തിങ്കൾ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## ശ്രദ്ധക്ഷണിക്കൽ

(1) ഇന്റേണൽ അസസ്സ്മെന്റിലെ അപാകത

ശ്രീ. എം.എ. വാഹീദ് : തിരുവനന്തപുരം ജില്ലയിലെ സ്വകാര്യ സ്വാശ്രയ കോളേജിലെ ഒരു അദ്ധ്യാപകന്റെ തെറ്റായ നടപടികൾക്കെതിരെ പ്രതിഷേധിച്ചതിന് ആ കോളേജിലെ ഒരു ബാച്ചിലെ മുഴുവൻ വിദ്യാർത്ഥികളുടേയും ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് കുറച്ച് അവർ പാസ്സാകാത്ത സ്ഥിതിയുണ്ടാക്കി അവരെ ആത്മഹത്യയിലേയ്ക്ക് എത്തിക്കുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. ഇന്റേണൽ അസസ്സ്മെന്റ് മാർക്കിന്റെ കുറവുകൊണ്ട് ധാരാളം വിദ്യാർത്ഥികൾക്ക് ഡിഗ്രി എടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് സമ്പ്രദായം പൂർണ്ണമായി നീക്കം ചെയ്യാനോ ഇന്റേണൽ അസസ്സ്മെന്റ് മാർക്കിന്റെ ശതമാനം കുറയ്ക്കാനോ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : സംസ്ഥാനത്തെ പല പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അനഭിലഷണീയമായ കാര്യങ്ങൾ നടക്കുന്നതായി പരാതികൾ ഉയർന്നുവരുന്നുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആന്തരിക മൂല്യനിർണ്ണയത്തിന് മാർക്ക് നൽകുന്നത് ശാസ്ത്രീയമായ തുടർമൂല്യനിർണ്ണയ രീതിയുടെ അടിസ്ഥാനത്തിലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ടെസ്റ്റ് പേപ്പർ, അസൈൻമെന്റ് തുടങ്ങിയവയിൽ ലഭിക്കുന്ന മാർക്കും ഹാജർ ശതമാനവും അനുസരിച്ചാണ് ഇന്റേണൽ മാർക്ക് നൽകുന്നത്. ഇതനുസരിച്ച് പോളിടെക്നിക്കുകളിൽ ടെസ്റ്റ് പേപ്പർ, അസൈൻമെന്റ് എന്നിവയ്ക്ക് 40-ഉം ഹാജരിന് 20-ഉം ശതമാനമാണ് മാർക്ക് നൽകുന്നത്. എഞ്ചിനീയറിംഗ് കോളേജുകളിലും ടെസ്റ്റ് പേപ്പർ, അസൈൻമെന്റ്, ക്ലാസ്സ് വർക്ക്, ഹാജർ എന്നിവയ്ക്ക് പ്രത്യേകം ശതമാനം നിശ്ചയിച്ചിട്ടുണ്ട്. 90 ശതമാനത്തിന് മുകളിൽ ഹാജരുള്ള കുട്ടിക്ക് ഹാജരിനായി മാറ്റിവച്ചിരിക്കുന്ന 20 ശതമാനം മാർക്കും ലഭിക്കുന്നതാണ്. അതിൽ ഒരു അദ്ധ്യാപകൻ വിചാരിച്ചാൽ കുറവുവരുത്താൻ കഴിയുകയില്ല. ബന്ധപ്പെട്ട അദ്ധ്യാപകൻ ഹാജർ നിലവാരം, ആന്തരിക മൂല്യനിർണ്ണയം തുടങ്ങിയവയ്ക്കുള്ള മാർക്ക് ഇതിനായി പ്രത്യേകം സൂക്ഷിച്ചിട്ടുള്ള ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾക്ക് ഇതുസംബന്ധിച്ച പരാതി മേലധികാരികൾക്ക് രേഖാമൂലം എഴുതി നൽകാമെന്നും പരീക്ഷ തുടങ്ങുന്നതിന് ഒരാഴ്ച മുമ്പെങ്കിലും ആന്തരിക മൂല്യനിർണ്ണയ മാർക്ക് പ്രസിദ്ധീകരിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ട്. ആന്തരിക മൂല്യനിർണ്ണയത്തിന് നിശ്ചിത ശതമാനം മാർക്ക് നിഷ്ക്കർഷിച്ചിട്ടില്ലാത്തതിനാൽ ആന്തരിക മൂല്യനിർണ്ണയ

മാർക്ക് കുറഞ്ഞതുകൊണ്ടുമാത്രം ഒരു വിദ്യാർത്ഥി പരീക്ഷയിൽ തോൽക്കുകയില്ല. എഴുത്തുപരീക്ഷയ്ക്കും ആന്തരിക മൂല്യനിർണ്ണയത്തിനുംകൂടി എഞ്ചിനീയറിംഗിന് 50 ശതമാനം മാർക്കും പോളിടെക്നിക്കിന് 40 ശതമാനം മാർക്കും ലഭിക്കുമെങ്കിൽ ആ വിദ്യാർത്ഥി വിജയിക്കുന്നതാണ്. പ്രൊഫഷണൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരവും പ്രായോഗിക പരിജ്ഞാനവും ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ആന്തരിക മൂല്യനിർണ്ണയ സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതെന്നതിനാൽ ഈ സമ്പ്രദായമാകെ എടുത്തുകളയുക എന്നുള്ളത് തെറ്റായ സമീപനമാണ്. എന്നാൽ ആന്തരിക മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പരാതികൾ കണക്കിലെടുത്ത് പരീക്ഷാ സംബന്ധമായ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും ഇന്റേണൽ പരീക്ഷകൾ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും വിദ്യാർത്ഥി പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു പരീക്ഷാ മേൽനോട്ട സമിതിയും ഡിപ്പാർട്ടുമെന്റൽ കമ്മിറ്റിയും രൂപവൽക്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം മുതൽ പ്രവർത്തിച്ചു തുടങ്ങുന്ന ഈ സംവിധാനം കാര്യക്ഷമമാകുന്നതോടുകൂടി ഇത്തരം പരാതികൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ പറഞ്ഞ പ്രത്യേക കേസ്സുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്. ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സംവിധാനം വരുന്നതോടുകൂടി ആന്തരിക മൂല്യനിർണ്ണയത്തിന്റെ പ്രാധാന്യം വർദ്ധിക്കുമെന്നതിനാൽ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് ഒഴിവാക്കാൻ സാധിക്കുകയില്ല. ഇന്ത്യയിലെത്തന്നെ വിദ്യാഭ്യാസരംഗത്തെ പ്രശസ്തനും ഹൈദ്രാബാദ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ ഡോ. ജേക്കബ്

താരുവിന്റെ അധ്യക്ഷതയിൽ നിയോഗിച്ചിട്ടുള്ള പരീക്ഷാ പരിഷ്ക്കരണ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഗവൺമെന്റ് ഒരിക്കൽക്കൂടി പരിശോധിക്കുന്നതാണ്.

(2) മദ്യത്തിന്റെ അമിത ഉപഭോഗം തടയാൻ നടപടി

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : കേരള സമൂഹത്തിൽ 15-നും 49-നും ഇടയ്ക്ക് പ്രായമുള്ളവരിൽ 45.2 ശതമാനം പേരും കടുത്ത മദ്യപാനാസക്തിയിലകപ്പെട്ടിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച സർവ്വേ ചൂണ്ടിക്കാണിക്കുന്നത്. ഓരോ വർഷവും മദ്യഉപഭോഗത്തിൽ ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിക്കുന്ന മദ്യത്തിന്റെ ഇരട്ടിയിലേറെ മറ്റ് മാർഗ്ഗങ്ങളിലൂടെ വിറ്റഴിക്കപ്പെടുന്നുണ്ട്. വാഹനാപകടങ്ങൾക്കും മറ്റ് സാമൂഹിക പ്രശ്നങ്ങൾക്കും കുടുംബഛിദ്രങ്ങൾക്കും കാരണമാകുന്നതുപോലെ കൊലപാതകങ്ങൾക്കും പെൺവാണിഭത്തിനും കാരണം മദ്യപാനാസക്തിയാണ്. സംസ്ഥാനതല ലഹരി വിരുദ്ധ ശില്പശാലകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിയണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കാനും വ്യാജമദ്യം നിയന്ത്രിക്കാനും അബ്കാരി നിയമം കർശനമായി നടപ്പിലാക്കാനും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ശക്തമാക്കാനും എക്സൈസ് ഉദ്യോഗസ്ഥരെ സ്വാധീനിക്കുന്ന വ്യാജവാറ്റ് ലോബിക്ക് കടിഞ്ഞാണിടുന്നതിനും നർക്കോട്ടിക് സെല്ലുകൾ, ഡ്രഗ്സ് കൺട്രോൾ വകുപ്പ് എന്നിവ കാര്യക്ഷമമാക്കാനും ആരാധാനലയങ്ങളുടേയും വിദ്യാലയങ്ങളുടേയും പരിസരത്ത് മദ്യശാലകൾ അനുവദിക്കാതിരിക്കാനും പൊതുസ്ഥലത്ത് മദ്യപിക്കുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിക്കാനും ആയുർവേദ ഔഷധങ്ങളിൽ

ലഹരി വസ്തുക്കളുടെ അളവ് നിയന്ത്രിക്കാനും പുകയില ഉൽപ്പന്നങ്ങൾ നിരോധിക്കാനും നടപടികൾ സ്വീകരിക്കണം. കർശനമായ നിയമ നടപടികളിലൂടെയും ബോധവൽക്കരണത്തിലൂടേയും മദ്യാസക്തി കുറയ്ക്കാനും കൂടുതൽ ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ തുടങ്ങാനും മദ്യാസക്തി വർദ്ധിപ്പിക്കുന്നതരത്തിലുള്ള പരസ്യങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താനും നടപടി കഴിയണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : പൊതുജനങ്ങളിൽ മദ്യപാനാസക്തി വർദ്ധിപ്പിക്കുന്ന തരത്തിലുള്ള യാതൊരുവിധ നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ശക്തമായ നിയമനടപടികളിലൂടേയും ഫലപ്രദമായ ബോധവൽക്കരണപ്രവർത്തനങ്ങളിലൂടേയും വ്യാജ മദ്യത്തിന്റെ ഉൽപാദനവും വിപണനവും തടയാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മദ്യപാനികളുടെ ആരോഗ്യം തകരാത്ത വിധത്തിലും ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തിയും മദ്യദുരന്തങ്ങൾക്ക് ഇടവരുത്താതെയും നിയമവിധേയമായി മാത്രം മദ്യം നൽകേണ്ടത് സർക്കാരിന്റെ ചുമതലയാണെന്ന് കണ്ടുകൊണ്ടാണ് പ്രവർത്തിക്കുന്നത്. വ്യാജമദ്യത്തിന്റെ ഉറവിടം ഇല്ലാതാക്കാൻ ശക്തമായ പ്രവർത്തനം നടത്തി വരുന്നതോടൊപ്പം ജില്ലാഭരണ സംവിധാനം പുന:സംഘടിപ്പിക്കുകയും എൻഫോഴ്സ്മെന്റിനുമാത്രമായി. എല്ലാ ജില്ലകളിലും എ.ഇ.സി.-കളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. റവന്യൂ-പോലീസ്-എക്സൈസ്-വനം വകുപ്പുകളുടെ ഏകോപിച്ചുള്ള വാഹന പരിശോധനയും മറ്റ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. മദ്യാപാനാസക്തിക്കെതിരെ

സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം., ഡി-അഡിക്ഷൻ ക്യാമ്പുകൾ, ബോധ വൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, തെരുവുനാടകങ്ങൾ ഇന്ദ്രജാല പ്രക ടനങ്ങൾ, മറ്റ് വൈവിധ്യമാർന്ന പരിപാടികൾ എന്നിവ നടത്തുന്നതിനുപുറമേ ഹ്രസ്വചിത്രങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടെ സംപ്രേക്ഷണം ചെയ്യുകയുമുണ്ടാ യി. ബോധവൽക്കരണം സജീവമാക്കി ജനങ്ങളെ മദ്യവർജ്ജനത്തിലെ ത്തിക്കുകയെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. യുവതലമുറയെ സ്വാധീ നിക്കുന്നവിധത്തിലുള്ള പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനെക്കുറിച്ച് പരിശോധി ക്കുന്നതാണ്.

## മേശപ്പുറത്ത് വച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സു കൾ മേശപ്പുറത്ത് വച്ചു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധി തർക്കുവേണ്ടി സംസ്ഥാന സർക്കാർ നടത്തിയ പുനരധിവാസ പ്രവർത്തന ങ്ങളെ സംബന്ധിച്ച് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ പ്രസ്താവന നടത്തി.

## റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്ക പ്പെട്ടു

## നിയമനിർമ്മാണ കാര്യം

<u>സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ഭേദഗതിയുടെ വ്യക്തത സംബന്ധിച്ച്

ശ്രീ. കെ.സി. ജോസഫ്: 2010-ലെ കേരളാ പോലീസ് ബില്ലിന്റെ അവതരണ വേളയിലോ, സെലക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിലോ ഒന്നും നിർദ്ദേശിക്കപ്പെടാത്ത 'വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ഒരു വ്യക്തിയുടെ പരിശീലന കാലയളവ് നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്' എന്ന ഭേദഗതി നിലവിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാർക്കാണോ പെൻഷൻ പറ്റിയവർക്കാണോ അതോ പുതുതായി സർവ്വീസിൽ വരാൻ പോകുന്നവർക്കാണോ ബാധകം എന്നതുസംബന്ധിച്ച് വ്യക്തതയുണ്ടാകണം. പരിശീലനകാലയളവ് ഡ്യൂട്ടിയായി പരിഗണിക്കപ്പെടുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യതയെ സംബന്ധിച്ച് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പരാമർശിക്കാത്തത് പ്രൊസീഡ്യുവറിന് വിരുദ്ധമാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോടതി വിധിയുടെ അടിസ്ഥാനത്തിൽ കുറേപ്പേർക്ക് ഈ ഭേദഗതിയുടെ ആനുകൂല്യം ലഭിക്കും. വളരെക്കൂടുതൽ

സാമ്പത്തികബാധ്യത വരുമെന്നതിനാൽ റിട്ടയർ ചെയ്തവർക്കോ നിലവിലുള്ളവർക്കോ ഈ ആനുകൂല്യം കൊടുക്കുവാൻ കഴിയില്ല. ഭാവിയിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം കൊടുക്കാൻ എന്ന ഒരു പ്രൊവിഷൻ റൂൾസിൽ കൊണ്ടുവരാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. മറ്റുകാര്യങ്ങൾ റൂൾസ് ഉണ്ടാക്കുന്ന സമയത്ത് പരിശോധിക്കാവുന്നതാണ്. ഇതു സംബന്ധിച്ച് പുതിയ സാമ്പത്തിക ബാധ്യത ഒന്നും ഉണ്ടാകുന്നില്ല.

ശ്രീ. കെ.സി. ജോസഫ്: ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പോലീസ് സ്റ്റേഷനുകളിൽ മതിയായ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി രണ്ടേകാൽ കോടി രൂപയും പോലീസ് ഉദ്യോഗസ്ഥർക്ക് മറ്റ് ആവശ്യ ങ്ങൾക്കായി ഒരു കോടി രൂപയും ഉൾപ്പെടുത്തിയപ്പോൾ പരിശീലനകാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യത ഉൾപ്പെടുത്താത്തത് ഓർഡറിലല്ല. ഭാവിയിൽ ഉണ്ടാകുന്ന ഒരു ബാധ്യതയെന്ന നിലയിൽ സഭ പിരിയുന്നതിനുമുമ്പുതന്നെ അതിന്റെ കണക്ക് സഭയെ അറിയിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇക്കാര്യം നിയമവകുപ്പുമായി ചർച്ച ചെയ്തതാണ്. കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങളൊക്കെ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കണ്ടതാണ്. ഭാവിയിൽ റൂൾസ് ഉണ്ടാക്കുന്ന അവസരത്തിൽ ഇതിനൊരു പ്രൊവിഷൻ കൊടുക്കാം.

## റൂളിംഗ്

മി. സ്പീക്കർ: അധിക സാമ്പത്തിക ബാധ്യത വരികയാണെങ്കിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കാണിക്കേണ്ടതായിരുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 1861-ലെ പോലീസ് ആക്ടിനെ അടിസ്ഥാനമാക്കിയാണ് 1960-ൽ കേരള പോലീസ് ആക്ട് തയ്യാറാക്കിയത്. പ്രകാശ് സിംഗ് Vs യൂണിയൻ ഓഫ് ഇന്ത്യാ കേസിൽ 22-09-2006-ൽ സുപ്രീം കോടതി വിധി വന്നതോടുകൂടിയാണ് പോലീസ് പരിഷ്ക്കരണത്തെ ക്കുറിച്ച് ചിന്തിക്കാൻ സംസ്ഥാനം നിർബന്ധിതമാകുന്നത്. ആർട്ടിക്കിൾ 142, 32 പ്രകാരം സുപ്രീംകോടതി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് സംസ്ഥാനങ്ങൾ നിയമനിർമ്മാണം കൊണ്ടുവരണം. ജസ്റ്റിസ് കെ.റ്റി.തോമസ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സുപ്രീംകോടതി വിധി വരുന്ന തിനുമുമ്പ് തന്നെ അന്നത്തെ ഡി.ജി.പി. സുകുമാരൻ നായർ ചെയർമാനായി ഒരു കമ്മീഷനെ നിശ്ചയിച്ചു. അതിനുശേഷം ശ്രീ. ജേക്കബ് പുന്നൂസ്, ഡി.ജി.പി. ചെയർമാനായ കമ്മീഷൻ വന്നു. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാ നത്തിലാണ് ഇത്തരത്തിലൊരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുവാൻ സന്നദ്ധമായത്. 16-09-2006-ലാണ് കേരള ഗവൺമെന്റ് ആ ഉത്തരവ് പുറപ്പെടുവിച്ചത്. നിരവധി കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളും സംസ്ഥാന ഗവൺമെന്റ് നിയോഗിച്ച നിയമപരിഷ്ക്കരണത്തെക്കുറിച്ചുള്ള ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ടും എല്ലാം ഉൾക്കൊള്ളിച്ചു കൊണ്ടാണ് നിയമസഭയിൽ ഈ ബിൽ അവതരിപ്പിച്ചത്. പിന്നീട് സെലക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ വിവിധ ജില്ലകളിലും സ്റ്റേറ്റുകളിലും വരുത്തിയിട്ടുള്ള പരിഷ്ക്കരണം മനസ്സിലാക്കുകയും പോലീസ് വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ബില്ലിന്മേലുള്ള നിർദ്ദേശങ്ങളും തെളിവെ ടുപ്പ് വേളയിൽ ലഭിച്ച നിർദ്ദേശങ്ങളും പരിശോധിച്ചും ഇതിൽ ഉൾപ്പെടുത്തി

യിട്ടുണ്ട്. ഇവിടെ വരുന്ന നിർദ്ദേശങ്ങളും കൂടി ചേർത്ത് ഇതൊരു നല്ല നിയമമാക്കി മാറ്റാൻ സാധിക്കണം.

ശ്രീ. കെ. സി. ജോസഫ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പ്രകാശ്സിംഗ് Vs. യൂണിയൻ ഓഫ് ഇൻഡ്യ കേസ്സിന്റെ വിധിയിൽ ഉണ്ടായ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശമാണ് ഈ നിയമനിർമ്മാണത്തിന്റെ ഏറ്റവും അടിസ്ഥാന രേഖയായി ഇന്ന് പരിണമിച്ചിട്ടുള്ളത്. പോലീസിന്റെ പരിഷ്ക്കരണം സംബന്ധിച്ച് നിയോഗിച്ച കമ്മിറ്റികളെല്ലാം ഇത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തിയെങ്കിലും ഇതൊരു നിയമനിർമ്മാണമായി രൂപപ്പെടുന്നത് വളരെ വൈകിയാണ്. കേരളത്തിലെ പോലീസ് സംവിധാനത്തിൽ സമഗ്രമായ മാറ്റം വരുത്തണം. ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും തമ്മിൽ വേർതിരിക്കുന്ന വ്യവസ്ഥ ഉൾപ്പെടെ ജസ്റ്റിസ് കൃഷ്ണയ്യർ കമ്മീഷൻ പോലുള്ള കമ്മീഷനുകളുടെ സുപ്രധാന നിർദ്ദേശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. പോലീസിന് നിഷ്പക്ഷമായും സ്വതന്ത്രമായും പ്രവർത്തിക്കാനാവശ്യമായ നിയമപ്രാബല്യം നൽകണം. പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിൽ പോലീസ് ഓഫീസർക്ക് വിവേചനാധികാരം നൽകരുത്. ലോക്കപ്പിൽ വച്ച് പരിക്കേറ്റയാളെ മജിസ്ട്രേറ്റിനു മുമ്പിൽത്തന്നെ ഹാജരാക്കണം. മെഡിക്കൽ പ്രാക്ടീഷണറുടെ പരിശോധനയ്ക്കുവിധേയമാക്കി അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കണമെന്നുപറയുന്നത് അനൗചിത്യമാണ്. വർദ്ധിച്ചുവരുന്ന ജോലിഭാരത്തിനാനുപാതികമായി പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും ഓരോ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥ കൊണ്ടുവരണം. പോലീസിന്റെ

ജോലി എട്ട് മണിക്കൂർ ആയി നിജപ്പെടുത്തണം. ട്രെയിനിംഗ് പീരിയഡ് സർവ്വീസായി പരിഗണിക്കുന്നതിനുള്ള വ്യവസ്ഥ സ്വാഗതാർഹമാണ്. അത് സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പുതിയ നിയമത്തിൽ കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരണം. രാഷ്ട്രീയഭേദമെന്യേ അക്രമങ്ങൾ അടിച്ചമർത്തുന്നതിനും നിയമം കർശന മായി നടപ്പാക്കുന്നതിനും പോലീസിനെ പ്രാപ്തരാക്കണം. ഖണ്ഡം 4-ൽ ഉപഖണ്ഡം (ജി)-ൽ പ്രതിപാദിച്ചിരിക്കുന്ന 'നിയമപരമായ അധികാരങ്ങൾ പരമാവധി ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ തടയുകയും കുറച്ചുകൊണ്ടുവരി കയും ചെയ്യുക' എന്നതിൽ 'പരമാവധി' എന്ന വാക്ക് മാറ്റണം. കുറ്റകൃത്യ ങ്ങൾ കർശനമായി തടയണം. മേലുദ്യോഗസ്ഥരുടെ നിയമാനുസൃതമായ എല്ലാ ഉത്തരവുകളും അനുസരിക്കണമെന്ന നിബന്ധന അടിയന്തിര നടപടി കളിൽ പോലീസിന്റെ കൈയ്ക്ക് കൂച്ചുവിലങ്ങിടുന്നതാണ്. ഒരു ഉത്തരവ് നിയമനാസൃതമാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള അധികാരം ഇത് ഇംപ്ലിമെന്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് കൈമാറ്റം ചെയ്യുന്നത് ഈ നിയമത്തെത്തന്നെ വികലമാക്കി മാറ്റുന്നതാണ്. പോലീസ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് ഈ നിയമത്തിൽ പറഞ്ഞിരി ക്കുന്നത് വെറും പബ്ലിസിറ്റിക്കുവേണ്ടി മാത്രമാണ്. രണ്ടാം വകുപ്പ് നടപ്പിലാ ക്കിയാൽ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും പൂട്ടേണ്ടിവരും. അതുകൊണ്ട് അപ്രായോഗികമായ കാര്യങ്ങൾ നിയമത്തിനകത്ത് എഴുതി വയ്ക്കുന്നതിനുള്ള നീക്കം ഉണ്ടാകരുത്. പോലീസ് സ്റ്റേഷനുകളിൽ പൊതു ജനങ്ങൾക്ക് അവകാശം സ്ഥാപിച്ചുകിട്ടുന്നില്ലെങ്കിൽ അതിന്മേൽ എന്ത്

നടപടി സ്വീകരിക്കാൻ കഴിയുമെന്ന് നിയമത്തിൽ പറയുന്നില്ല. ഒമ്പതാം ഖണ്ഡം അനുസരിച്ച് കസ്റ്റഡിയിലുള്ളവർക്ക് പ്രതിമാസ 'വിഹിതം' നൽകണമെന്ന് പറഞ്ഞാൽ അവരെ നിയമപരമായി കോടതിയിൽ ഹാജരാക്കാതെ ദീർഘകാലം പോലീസ് സ്റ്റേഷനിൽത്തന്നെ നിലനിർത്തുന്നതാണെന്നുള്ള വ്യംഗ്യാർത്ഥം ഉണ്ടാകുമെന്നതിനാൽ ദയവായി ആ പദം ഒഴിവാക്കണം. പക്ഷഭേദം കൂടാതെ നിയമം നടപ്പാക്കണമെങ്കിൽ പോലീസിനെ നിയന്ത്രിക്കുന്ന എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണൽ സെന്ററിനെ ഈ നിയമത്തിലൂടെ എങ്ങനെ നിയന്ത്രിക്കാൻ കഴിയുമെന്നുള്ളതു സംബന്ധിച്ച് ആലോചിക്കണം. എല്ലാ വിഭാഗത്തിൽപ്പെട്ടവരുടേയും വിശ്വാസം ആർജ്ജിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുന്ന തരത്തിൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് പോലീസിനെ സഹായിക്കണം. ഡി.ജി.പി-ക്ക് എന്തും ചെയ്യാൻ സാധിക്കുന്ന തരത്തിൽ നിയമത്തിൽ ചില വ്യവസ്ഥകൾ വച്ചിട്ടുണ്ട്. അതിലും ചില നിയന്ത്രണങ്ങളുണ്ടാകണം. സ്പെഷ്യൽ പോലീസ് സ്റ്റേഷനുകളുണ്ടാക്കുമ്പോൾ മൂലനിയമത്തിലെ ചില വ്യവസ്ഥകൾ മറികടക്കേണ്ടിവരും. ഒരു പോലീസ് സ്റ്റേഷന് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള എല്ലാ അധികാരവും സ്റ്റേഷൻ ഓഫീസർക്ക് കൊടുക്കുന്ന ഈ നിയമം അപരിഷ്കൃതമാണ്. പോലീസ് രാജ് ആയിരിക്കും സഞ്ചരിക്കുന്ന പോലീസ് സ്റ്റേഷന്റെ പരിണതഫലമായി വരാൻ പോകുന്നത്. അതുകൊണ്ട് ഇത്തരത്തിലൊരു മാറ്റം വേണമോ എന്നുള്ളതുസംബന്ധിച്ച് ആലോചിക്കണം. സി.ഐ. എന്നുള്ളത് ഐ.ഒ.പി. (ഇൻസ്പെക്ടർ ഓഫ് പോലീസ്) എന്നാക്കി മാറ്റുന്നതുകൊണ്ട് ഗുണകരമായ പ്രയോജനമൊന്നുമില്ല. അതുകൊണ്ട് ഈ പേരുമാറ്റം അനിവാര്യമാണോയെന്ന് ആലോചിക്കണം. പോലീസ് സേനയുടെ പൊതുവായ ഘടനയെക്കു

റിത്ത് IV-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്. ഖണ്ഡം 18, സീനിയോറിറ്റി അനുസരിച്ചുള്ള ആൾ പോലീസ് മേധാവിയായി വരുമെന്നുള്ളതാണ്. അതിൽ ഗവൺമെന്റിന് ഡിസ്ക്രീഷണറി പവർ വിനിയോഗിക്കാൻ കഴിയുമോ എന്ന് ആലോചിക്കണം. സംസ്ഥാന സുരക്ഷാ കമ്മീഷനിൽ നിയമ വകുപ്പ് സെക്രട്ടറിയെക്കൂടി അംഗമായി ഉൾപ്പെടുത്തണം. 24(viii)-ൽ നിലവിലുള്ള 3 അനൗദ്യോഗിക അംഗങ്ങൾക്കുപുറമേ ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെക്കൂടി ഉൾപ്പെടുത്തി ഈ വകുപ്പ് കുറ്റമറ്റതാക്കണം. വനിതാ പോലീസുകാരുടെ യൂണിഫോം കാലോചിതമായി പരിഷ്ക്കരിക്കണം. കുറ്റക്കാർക്കെതിരെ നടപടി എടുത്തില്ലെങ്കിൽ സേവനദാതാവിനെ ശിക്ഷിക്കുന്ന രീതിയിലുള്ള വ്യവസ്ഥയ്ക്ക് മാറ്റം വരുത്തണം. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലും ലീഗൽ എത്തിക്സിലും പറഞ്ഞിരിക്കുന്നതുപോലെ കുറ്റത്തിന് അനുയോജ്യമായ വിധത്തിലുള്ള ശിക്ഷയാണ് കൊടുക്കേണ്ടത്. നിയമം പരിഷ്കൃതമായിരിക്കണം. കുറ്റം ചെയ്യുന്നതും പ്രേരിപ്പിക്കുന്നതും കുറ്റം തടയാൻ കഴിവില്ലാതെ നിസ്സഹായനായി നോക്കിനിൽക്കുന്നതും ഒരേ രൂപത്തിലുള്ള തെറ്റായി കാണാൻ പാടില്ല. ബില്ലിലെ 113-ാം വകുപ്പിൽ കുറ്റങ്ങളും ശിക്ഷകളും സംബന്ധിച്ചാണ് പറയുന്നത്. പോലീസിന് ഇമ്മ്യൂണിറ്റി കൊടുത്താൽ പൗരന് രക്ഷയില്ലാതാകുകയും സമൂഹത്തിന്റെ ബാലൻസ് നഷ്ടപ്പെടുകയും ചെയ്യും. കൊലപാതകക്കേസ്സുകളിൽ പ്രതിയെ അതിന്റെ നിക്ഷിപ്ത കക്ഷികൾ തന്നെ ഹാജരാക്കുന്ന പതിവാണ് കാണുന്നത്. ഇതിലൂടെ യഥാർത്ഥ കുറ്റവാളികൾ നിയമത്തിന് പുറത്ത് പോകുകയും ഡ്യൂപ്ലിക്കേറ്റ് കുറ്റവാളികളെ തെളിവുകളുടെ അടിസ്ഥാനത്തിൽ പലപ്പോഴും വെറുതെ വിടുകയുമാണ് ചെയ്യുന്നത്. ബോധപൂർവ്വം ഇത്തരം

നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കുന്നതിനും കുറ്റം ചെയ്തവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നതിനുപകരം നിരപരാധികൾ ശിക്ഷിക്കപ്പെടുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. പോരായ്മകൾ പരിഹരിച്ച് ഈ നിയമം കുറ്റമറ്റതാക്കണം.

ശ്രീ. മോൻസ് ജോസഫ് : വിയോജിപ്പ് രേഖപ്പെടുത്തുന്നു. പോലീസിന് 8 മണിക്കൂർ ഡ്യൂട്ടി നിശ്ചയിക്കാനും അധിക ജോലിക്ക് പ്രത്യേക പരിഗണന നൽകാനും സംവിധാനമുണ്ടാക്കണം. ബില്ലിലെ ഖണ്ഡം (32)-ന് വ്യക്തത ഉണ്ടാകുന്ന വിധത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനും ഖണ്ഡം (91)-ലെ വ്യവസ്ഥകളെ സംബന്ധിച്ച് കൂടുതൽ പരിശോധന നടത്താനും ഗവൺമെന്റ് തയ്യാറാകണം. സായുധ പോലീസ് ബറ്റാലിയനിലെ നിയമ ബിരുദധാരികൾക്ക് പ്രത്യേക പരിഗണന നൽകണം. പോലീസിലെ എല്ലാ വിഭാഗത്തിലുമുള്ള നിയമബിരുദധാരികളുടെ കേഡർ ഉണ്ടാക്കേണ്ടത് കാലഘട്ടത്തിനാവശ്യമാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പ്രത്യേക പരിഗണന നൽകണം. പോലീസ് സേനയിലെ അംഗസംഖ്യ വർദ്ധിപ്പിക്കണം. പോലീസുകാർക്കിടയിലുള്ള കുറ്റവാളികളെ കർശനമായി അടിച്ചമർത്തണം. പോലീസ് സേനയിൽ ആത്മാർത്ഥതയും സംശുദ്ധമായ അന്തരീക്ഷവും നിലനിൽക്കേണ്ട ആവശ്യകത ഉറപ്പുവരുത്തണം. ജാഗ്രതയോടുകൂടിയ പരിശോധനയിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഈ ബിൽ കുറ്റമറ്റതാക്കണം.

ശ്രീ. വി.ഡി. സതീശൻ : വിയോജനം രേഖപ്പെടുത്തുന്നു. ഏറ്റവും ശ്രദ്ധേയമായ ഒരു നിയമനിർമ്മാണമാണിത്. സംസ്ഥാനത്തിന്റെ സാമൂഹ്യ

സാമ്പത്തിക സ്ഥിതിക്കനുസരണമായി പോലീസിലും മാറ്റങ്ങൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഭരണഘടനയും ക്രിമിനൽ പ്രൊസീഡ്യുവറൽ കോഡും കാലാകാലങ്ങളിൽ സുപ്രീംകോടതി നൽകിയിട്ടുള്ള വ്യാഖ്യാനങ്ങളും അനുസരിച്ചുമാത്രമേ നിയമനിർമ്മാണം നടത്താൻ സാധിക്കുകയുള്ളൂ. ലാ ആന്റ് ഓർഡർ എന്നത് സ്റ്റേറ്റ് സബ്ജക്ട് ആയതുകൊണ്ട് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ പോലീസ് സേനയെ നവീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സ്റ്റേറ്റ് ലെജിസ്ലേച്ചറിന് നിയമനിർമ്മാണം നടത്താനുള്ള ഡയറക്ഷൻസാണ് 2006-ലെ വിധിന്യായത്തിലൂടെ സുപ്രീം കോടതി നൽകിയത്. കോടതി നിർദ്ദേശമനുസരിച്ച് ആർട്ടിക്കിൾ 32 അനുസരിച്ചുള്ള നിർദ്ദേശം നടപ്പിലാക്കിയില്ലെങ്കിൽ അത് നടപ്പിൽവന്നതുപോലെ കണക്കാക്കുമെന്നുള്ള സുപ്രീം കോടതിയുടെ പ്രഖ്യാപനം ലെജിസ്ലേച്ചറിന്റെയും പാർലമെന്റിന്റെയും അധികാരത്തിന്മേലുള്ള നഗ്നമായ കടന്നുകയറ്റമാണ്. പോലീസ് സേന ഭരണകൂടങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതായിട്ടാണ് വിവക്ഷിക്കപ്പെടുന്നത്. അമിതമായ ഇടപെടലുകൾ ഉണ്ടാകുന്നുണ്ടെന്ന പരാതികൾ തടയുന്നതിനുവേണ്ടി സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിക്കുന്നതിനും ഡി.ജി.പി. ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ തുടരെയുള്ള സ്ഥലംമാറ്റവും ചില നിബന്ധനകൾക്ക് വിധേയമായി നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കുന്നതിനും നടപടിക്രമങ്ങൾ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി പോലീസ് കംപ്ലെയിന്റ് അതോറിറ്റി രൂപീകരിക്കുന്നതിനും പോസ്റ്റിംഗ്, ട്രാൻസ്ഫറുകൾ തുടങ്ങിയവ പരിഗണിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുംവേണ്ടിയുള്ള എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും

സുപ്രീം കോടതിയുടെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ചീഫ് ജസ്റ്റീസ് നിർദ്ദേശിക്കുന്ന പാനലിൽ നിന്നുള്ള ജഡ്ജിയെ പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ വയ്ക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശമുണ്ടെങ്കിലും നേരിട്ട് ജഡ്ജിയെ നിയമിക്കാമെന്ന വ്യവസ്ഥയാണ് ബില്ലിൽ ഉൾക്കൊള്ളിച്ചി ട്ടുള്ളത്. സാമ്പത്തിക-സാമൂഹിക രംഗങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്കനു സൃതമായി പോലീസ് സേനയും നവീകരിക്കപ്പെടേണ്ടതുണ്ട്. കുറ്റവാളികൾ അതിനൂതനമായ ടെക്നോളജി ഉപയോഗപ്പെടുത്തുമ്പോൾ പോലീസ് സേനയിലും ആധുനിക ശാസ്ത്രീയ സംവിധാനങ്ങൾ ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കുറ്റവാളികളെ ചോദ്യം ചെയ്യുന്നതിന് ഇന്ററോഗേഷൻ റൂമുകൾ സ്ഥാപിക്കാനും പോളിഗ്രാഫ്, ബ്രെയിൻ അനാലി സിസ് തുടങ്ങിയ സംവിധാനങ്ങൾ സംസ്ഥാനത്തിനകത്തുതന്നെ സ്ഥാപിക്കാനും നടപടികളുണ്ടാകണം. അടിയന്തിര ഘട്ടങ്ങളിൽ പ്രതികരി ക്കേണ്ട പോലീസ് സേനയിലെ Specialised Responsive Unit-നെ കാര്യക്ഷമ മാക്കാൻ മികച്ച പരിശീലനം നൽകേണ്ടതാണ്. വർദ്ധിച്ചുവരുന്ന പ്രകൃതി ചൂഷണം തടയാനായി പോലീസിനെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം. വർദ്ധിച്ചുവരുന്ന ട്രാഫിക് പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ മേഖലയിൽ പ്രത്യേക വൈദഗ്ധ്യമുള്ള ആളുകളെ ഉൾപ്പെടുത്തി നിലവിലുള്ള ട്രാഫിക് സംവിധാനം നവീകരിക്കാനും ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിക്കണം. മയക്കുമരുന്ന് ഉപയോഗിക്കുന്നതിന്റെ ദൂഷ്യഫലങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതടക്കമുള്ള ജനകീയ കാര്യങ്ങളിൽ പോലീസിനെ ശക്തമായി ഇടപെടുത്തി പോലീസും ജനങ്ങളുമായുള്ള ബന്ധം ദൃഢപ്പെടുത്തുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കണം. ജന

സംഖ്യാനുപാതികമായി പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കണം. അന്വേഷണ സംവിധാനവും ക്രമസമാധാന പരിപാലന സംവിധാനവും വിഭജിച്ച് പോലീസ് സേനയെ കാര്യക്ഷമമാക്കണം. ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ആളുകളിൽ നിന്ന് സംസ്ഥാന പോലീസ് മേധാവിയെ തെരഞ്ഞെടുക്കണമെന്നുള്ള ക്ലാസ് 18 മാറ്റേണ്ടതാണ്. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ സെക്ഷൻ 47, സെക്ഷൻ 100, സെക്ഷൻ 165 എന്നിവയ്ക്ക് അനുസരിച്ച് ക്ലാസ് 37- റീ-ഡ്രാഫ്റ്റ് ചെയ്യണം. ക്ലാസ്- 34-ഉം ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന് വിരുദ്ധമാണ്. ഇതിൽ വലിയ പരിധികളില്ലാത്ത വിവേചനാധികാരം സ്റ്റേഷൻ ഓഫീസർക്ക് കൊടുക്കുന്ന അവസരത്തിൽ ശരിയായ രീതിയിലാണോ വിവേചനാധികാരം വിനിയോഗിച്ചത് എന്ന് പരിശോധിക്കുവാൻ സംവിധാനമില്ല. മാത്രമല്ല, അത്തരം പരാതികൾ അടിസ്ഥാനരഹിതമായിട്ടാണ് തള്ളിക്കളഞ്ഞതെന്ന് പരാതിക്കാരന് തോന്നുകയാണെങ്കിൽ അതിനെതിരെ തൊട്ടടുത്ത ഓഫീസർക്ക് പരാതി കൊടുക്കാനുള്ള അവസരം നൽകണം. നിരപരാധികളായ ആളുകളെ ഹരാസ് ചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കാൻ സാധ്യതയുള്ള വകുപ്പായതിനാൽ ക്ളാസ് 48-ൽ ആവശ്യമായ ഭേദഗതികൾ ഉണ്ടാകണം. ക്ലാസ് 21-ൽ സൂചിപ്പിച്ചിരിക്കുന്ന അധികാരം വീണ്ടും ക്ലാസ് 90-ൽ കൊണ്ടുവന്നത് പു:നപരിശോധിക്കണം. പോലീസ് ഉദ്യോഗസ്ഥന്റെ ജോലിസമയം കൂട്ടാതെ അംഗസംഖ്യ വർദ്ധിപ്പിക്കണം. ക്ലാസ് 101 ഭരണഘടനയുടെ ആർട്ടിക്കിൾ 311-ലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മോഡിഫൈ ചെയ്യണം. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ സേവനദാതാവിനുള്ള നാമമാത്ര പിഴ കുറ്റകൃത്യത്തിനാനുപാതികമായി

വർദ്ധിപ്പിക്കണം. ഇത് കാലോചിതമായ മാറ്റങ്ങളുൾക്കൊള്ളുന്ന സമഗ്ര നിയമമായി മാറട്ടെ എന്നാശിക്കുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിയമത്തിൽ വിവരാവകാശ നിയമത്തിനനുസൃതമായ ചില മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും പൗരാവകാശം ലംഘിക്കുന്ന ചില വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ട്. സുപ്രീം കോടതിയുടെയും നാഷണൽ പോലീസ് കമ്മീഷന്റെയും ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ കമ്മീഷന്റെയും നിർദ്ദേശങ്ങളോ സെലക്ട് കമ്മിറ്റിയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളോ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രിക്കുള്ളതിനേക്കാൾ അധികാരം ഡി.ജി.പി.യിൽ നിക്ഷിപ്തമാക്കുന്നതു ശരിയല്ല. പോലീസിന്റെ സേവനം കാര്യക്ഷമമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിന് പോലീസ് സേനയുടെ എണ്ണം വർദ്ധിപ്പിക്കുക, ക്വാർട്ടേഴ്സ് പുനരുദ്ധരിക്കുക, പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നിവ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിൽ പോലീസ് ആഫീസർക്ക് വിവേചനാധികാരം നൽകുന്നത് നീതി നിഷേധത്തിനിടയാക്കും. പരാതി രജിസ്റ്റർ ചെയ്യുമ്പോൾ നിശ്ചിത ഫോറത്തിൽ കൈപ്പറ്റ് രസീത് നൽകുന്നതിനും അത് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യണം. ഭൂമി സംബന്ധമായ തർക്കങ്ങളിൽ ഇടപെടുന്നതിന് പോലീസിന് അധികാരം നൽകുന്നത് ദോഷകരമായി ഭവിക്കും. പൊതുജനങ്ങളോടുള്ള പെരുമാറ്റവുമായി ബന്ധപ്പെട്ട 20-ാം വകുപ്പിലെ നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യണം. കസ്റ്റഡി പ്രതികളെ അന്വേഷണ

വിധേയമായി പ്രദർശിപ്പിക്കുകയോ ഫോട്ടോ എടുക്കുകയോ പത്രസമ്മേളനം നടത്തുകയോ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. പൗരാവകാശം ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ വകുപ്പ് 50 (2) മാറ്റങ്ങൾക്ക് വിധേയമാക്കണം. പരാതിക്കാർക്ക് നീതി നിഷേധം ആകുമെന്നതിനാൽ വകുപ്പ് 113 (2) നീക്കം ചെയ്യണം. 115-ാം വകുപ്പ് പ്രകാരം പോലീസുദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുന്നതും ഭയപ്പെടുത്തി അപഹരിക്കുന്നതിനുമുള്ള ശിക്ഷ കുറ്റകൃത്യത്തിനാനുപാതികമാക്കി ഭേദഗതി ചെയ്യണം. റോഡപകടങ്ങളിൽ പരിക്കേറ്റവരേയും മറ്റും ആശുപത്രിയിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് പ്രോൽസാഹജനകമായ വകുപ്പുകൾ ചേർക്കണം. പോലീസ് സേനയിലെ എല്ലാ അംഗങ്ങൾക്കും ഡ്രൈവിംഗ് പരിശീലനം നൽകണം. പോലീസുകാർക്ക് സ്വന്തം സ്ഥലങ്ങളിലേയ്ക്കുള്ള ട്രാൻസ്ഫർ അനുപാതം 25 ശതമാനമാക്കണം. '2011-ലെ കേരള പോലീസ് ബിൽ' എന്ന് ഇതിനെ പുനർനാമകരണം ചെയ്യണം.

<u>ശ്രീ. പി.എം.എ. സലാം</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പോലീസ് സേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ അവരുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം. ഇൻവെസ്റ്റിഗേഷനും ലാ ആന്റ് ഓർഡറും ഡിഫറൻഷ്യേറ്റ് ചെയ്യുന്നതിന് മതിയായ സജ്ജീകരണം ഈ ആക്ടിൽ ഉണ്ടാകണം. പോലീസ് സേനാംഗങ്ങൾക്ക് അവരവരുടെ മേഖലകൾക്ക് അനുസൃതമായ വ്യത്യസ്ത രൂപത്തിലുള്ള ട്രെയിനിംഗ് നൽകി അവരെ പ്രാവീണ്യമുള്ളവരാക്കി മാറ്റാനാവശ്യമായ വ്യവസ്ഥ ബില്ലിൽ കൊണ്ടുവരണം. സമൂഹം പോലീസിൽ നിന്ന് പ്രതീക്ഷിക്കുന്നത് എന്താണോ അത് നൽകാൻ ഈ ബില്ലിലൂടെ കഴിയണം. പോലീസ്

സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള നിബന്ധനകൾ ഇതിൽ ഉൾപ്പെടുത്തണം. സമൂഹത്തിന് പോലീസുകാരെക്കുറിച്ചുള്ള വിശ്വാസ്യത വർദ്ധിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കണം. ജനങ്ങളും പോലീസുമായുള്ള ബന്ധത്തിൽ വളരെയേറെ മാറ്റങ്ങൾ വരുത്തിയ കമ്മ്യൂണിറ്റി പോലീസിംഗ് സമ്പ്രദായം മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കണം. സാമ്പത്തിക/സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷിക്കാനും അത് തെളിയിക്കാനും ആവശ്യമായ പരിശീലനവും പ്രാവീണ്യവും പോലീസിന് നൽകണം. സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി ആരംഭിച്ച സ്റ്റുഡന്റ് പോലീസിംഗ് പ്രോൽസാഹിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യണം. കുട്ടികളെ കുറ്റവാളികളായി കാണാതെ കൗൺസിലിംഗിലൂടെ അവരെ നേർവഴിക്ക് കൊണ്ടുവരാൻ പോലീസിന്റെ സഹായത്തോടെയുള്ള ഒ. ആർ. സി. സംവിധാനം ഗുണകരമാണ്. സമഗ്രമായ ഒരു പോലീസ് നിയമം കൊണ്ടുവരുമ്പോൾ അത് പൂർണ്ണമായും സമൂഹത്തിന്റെ വിശ്വാസത്തിനും പ്രതീക്ഷകൾക്കും പ്രത്യാശകൾക്കും അനുസരിച്ചുള്ളതാകുന്നതിന് പോലീസിന്റെ നിയന്ത്രണത്തിനും കാര്യക്ഷമതയ്ക്കും ഉപയുക്തമായ രീതിയിലുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കേണ്ടതാണ്. കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് പോലീസ് സംവിധാനം കാര്യക്ഷമമാക്കണമെങ്കിൽ ജനസംഖ്യാനുപാതികമായി പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുകയും പോലീസ് സ്റ്റേഷനുകളുടെ പരിധി നിശ്ചയിക്കുകയും പരാതികൾക്കു പരിഹാരം കാണുന്നതിലെ കാലതാമസം ഒഴിവാക്കുകയും വേണം. പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഉത്തരവാദപ്പെട്ട മേലധികാരി ഉണ്ടാകുമെന്നുള്ള വ്യവസ്ഥ സ്വാഗതാർഹമാണ്. സമഗ്രമായ ഒരു പുതിയ പോലീസ് നിയമം

കൊണ്ടുവരുന്നതിന് മുൻകൈ എടുത്ത ആഭ്യന്തര വകുപ്പുമന്ത്രിയെ അനുമോദിക്കുന്നു.

ശ്രീ. പി. സി. ജോർജ് : വിയോജിപ്പ് രേഖപ്പെടുത്തുന്നു. സുപ്രീം കോടതിയുടേയും കേന്ദ്ര ഗവൺമെന്റിന്റേയും നിർദ്ദേശങ്ങൾ വന്നതനുസരിച്ചാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നത്. ഏകീകൃത നിയമം കൊണ്ടുവരണമെന്നാണ് സുപ്രീം കോടതിയുടെ ഡയറക്ഷനെങ്കിലും ഈ നിയമം പാസ്സായാലും അതിനു സാധിക്കുകയില്ല. പോലീസിലെ വിവിധ വിഭാഗങ്ങളേയും ഒന്നിപ്പിച്ചെടുക്കാൻ കഴിയുന്നില്ല. ഉത്തരവാദിത്തപ്പെട്ടവർ ചീറ്റിംഗ് നടത്തിയാൽ അവർക്കെതിരെ കേസ് എടുക്കാൻ ഈ ബില്ലിൽ വ്യവസ്ഥയുണ്ടാകേണ്ടതാണ്. സ്ത്രീയുടെ മൊഴിമാത്രം ആധാരമാക്കി കേസ് എടുത്താലുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യണം. സ്ത്രീകളുടെ അവകാശം സംരക്ഷിക്കപ്പെടണം. നിയമത്തിലെ അപാകതകൾ പരിഹരിക്കണം. സംസ്ഥാനത്തെ പ്രഗൽഭരായ പോലീസുകാരുടേയും ഐ.പി.എസ്.-കാരുടേയും സേവനം ശരിയായ രീതിയിൽ വിനിയോഗിക്കണം. ഏകീകൃത നിയമം കൊണ്ടുവരാൻ കഴിയണം. പോലീസ് വെൽഫയർ ഫണ്ടിൽ സർക്കാരിന്റെ പങ്കാളിത്തം ഉറപ്പാക്കുകയും സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാനാവശ്യമായ വകുപ്പുകൾ ബില്ലിൽ ഉൾക്കൊള്ളിക്കുകയും ചെയ്യണം. ആധുനികവും ശാസ്ത്രീയവുമായ കുറ്റാന്വേഷണ മുറകൾ ബില്ലിൽ വ്യവസ്ഥ ചെയ്യണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള

പോലീസ് ബിൽ പരിഷ്ക്കരിക്കാൻ സ്വീകരിച്ച ഗവൺമെന്റ് നടപടിയെ ശ്ലാഘിക്കുന്നു. ഈ ബില്ലിലെ (4)-ാം വകുപ്പിൽ പറയുന്നപ്രകാരമുള്ള വ്യവസ്ഥകൾ ശരിയായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. പോലീസിന് നിഷ്പക്ഷമായി പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. ഭരണഘടന അനുസരിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന് ആവശ്യമായ സംവിധാനമൊരുക്കണം. പോലീസിന് സ്വയരക്ഷയ്ക്ക് അവകാശം നൽകുന്നതിനുവേണ്ടിയുള്ള വ്യക്തമായ വ്യവസ്ഥകൾ നിയമത്തിൽ ഉൾക്കൊള്ളിക്കണം. വർഗ്ഗീയ സംഘട്ടനങ്ങൾ, ഭീകരവാദം, ഭീകര പ്രവർത്തനം തുടങ്ങിയവ നിയന്ത്രിക്കാൻ പ്രത്യേക സേനയെ പരിശീലിപ്പിച്ച് പ്രാപ്തരാക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ ദ്രോഹിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നുവെന്ന പരാതി കിട്ടിയാൽ ഒരു അടിയന്തിര അന്വേഷണം നടത്തിയിട്ടുമാത്രമേ പ്രതികളെ അറസ്റ്റ് ചെയ്യാവൂ എന്ന നിബന്ധന ഉൾക്കൊള്ളിക്കണം. പോലീസ് സ്റ്റേഷനുകളിൽ സ്വീകരിക്കുന്ന അന്യായത്തെക്കുറിച്ച് എഫ്.ഐ.ആർ. തയ്യാറാക്കുന്നത് നിർബന്ധമാക്കുന്നതോടൊപ്പം അതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ബില്ലിലെ 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപ്രകാരം പോലീസ് സ്റ്റേഷനിൽ ഡയറി സൂക്ഷിക്കുന്ന സമ്പ്രദായം ശക്തമായി നടപ്പാക്കണം. സ്റ്റേഷൻ ഡയറിയും കസ്റ്റഡി സൗകര്യവും പരിശോധിക്കുവാൻ അർഹതയുള്ളവരുടെ കൂട്ടത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർ/ചെയർമാൻമാരെക്കൂടി ഉൾപ്പെടുത്തണം. പോലീസുകാരുടെ മനോവീര്യം സംരക്ഷിച്ച് സ്വതന്ത്രമായി

പ്രവർത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. നിയമസമാധാനം സംരക്ഷിക്കാനായി ജനസംഖ്യാനുപാതികമായി പോലീസ് സ്റ്റേഷന്റേയും പോലീസുകാരുടേയും എണ്ണം വർദ്ധിപ്പിച്ച് ശാസ്ത്രീയമായ പ്രവർത്തന സംവിധാനം ഏർപ്പെടുത്തണം. പോലീസ് ഉദ്യോഗസ്ഥർക്ക് നിഷ്പക്ഷരായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകണം. പോലീസ് ട്രെയിനിംഗിൽ കാലോചിതമായ മാറ്റം വരുത്തണം. കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം ഉപയോഗിച്ച് പോലീസ് സേനയെ ജനകീയമാക്കണം. പോലീസ് സേനയിലെ വിവിധങ്ങളായ പ്രശ്നങ്ങൾ തീർപ്പാക്കാൻ വ്യവസ്ഥകളുണ്ടാകണം. പോലീസുകാരുടെ ട്രെയിനിംഗ് ഡ്യൂട്ടിയായി കണക്കാക്കുകയാണെങ്കിൽ പുതുതായി നിയമനം ലഭിക്കുന്നവർക്കുപുറമേ നിലവിലുള്ളവർക്കും സർവ്വീസിൽ നിന്നും പിരിഞ്ഞുപോയവർക്കും പ്രസ്തുത ആനുകൂല്യം ബാധകമാക്കാൻ നടപടികൾ കൈക്കൊള്ളണം. ബില്ലിലെ 34-ാം വകുപ്പ് ഒരു പോലീസ് ഉദ്യോഗസ്ഥന് പ്രാഥമിക അന്വേഷണംപോലും നടത്താതെ കേസ് പൂഴ്ത്തിവയ്ക്കാൻ സംരക്ഷണം നൽകുന്ന വ്യവസ്ഥയാണ്. ഒരു പ്രതിയെ കസ്റ്റഡിയിലെടുത്താൽ ഭരണഘടനയുടെ ആർട്ടിക്കിൾ 154 അനുസരിച്ച് 24 മണിക്കൂറിനുള്ളിൽ കോടതിയിൽ ഹാജരാക്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ അതിന് കടകവിരുദ്ധമായാണ് 50-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളത്. അപ്രകാരം ഒരു നിയമമുണ്ടാക്കാൻ സ്റ്റേറ്റ് ലെജിസ്ലേച്ചറിന് കോംപിറ്റൻസി ഇല്ല. 96-ാം വകുപ്പുപ്രകാരം ഒരു പോലീസുകാരന്റെ മുമ്പിൽവച്ച് ഒരു ഉദ്യോഗസ്ഥൻ പ്രതിയെ മർദ്ദിച്ചാൽ അത് പോലീസ് മേധാവിയെ അറിയിക്കാനുള്ള ബാധ്യതയിൽനിന്നും ഒഴിഞ്ഞുമാറുന്നതും കുറ്റമായി കണക്കാക്കണമെന്നാണ്. യഥാർത്ഥ പ്രതി രക്ഷപ്പെടാനുള്ള

അവസരം ഇതുമൂലം ഉണ്ടാകുന്നതുകൊണ്ട് ഈ വകുപ്പ് പൂർണ്ണമായും ഒഴിവാക്കണം. ധാരാളം അപാകതകളുണ്ടെങ്കിലും ഈ നിയമനിർമ്മാണം ഒരു നല്ല സംരംഭമായി കണക്കാക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർക്കുവേണ്ടി ശ്രീ. പി. ജയരാജൻ: സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മാതൃകാപരമായ പല നിയമനിർമ്മാണങ്ങളും നടപ്പിലാക്കിയ സംസ്ഥാനത്ത് ഇന്ത്യയ്ക്കുതന്നെ മാതൃകയായ ഒരു നിയമനിർമ്മാണ പ്രക്രിയയിലാണ് ഈ സഭ ഏർപ്പെട്ടിട്ടുള്ളത്. ജനാധിപത്യ വ്യവസ്ഥയിൽ പോലീസ് പ്രവർത്തിക്കേണ്ടത് എങ്ങനെയാണെന്ന ദിശാബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ രൂപപ്പെട്ടിട്ടുള്ളത്. ഒരു നിയമനിർമ്മാണത്തിനായി പല കമ്മീഷനുകൾ രൂപീകരിക്കപ്പെട്ടുവെങ്കിലും ഒന്നും ഫലപ്രാപ്തിയിലെത്തിയില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയെത്തുടർന്നാണ് ജനാധിപത്യ പ്രക്രിയ ഭംഗ്യന്തരേണ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ ബിൽ കൊണ്ടുവന്നത്. പോലീസിനെ രാഷ്ട്രീയ വിമുക്തമാക്കണമെന്നാവശ്യപ്പെടുന്ന പ്രതിപക്ഷം ഭരണത്തിലിരുന്ന അവസരത്തിലാണ് സംസ്ഥാനത്ത് ഭീകര വിധ്വംസക പ്രവർത്തനങ്ങളെ അടിച്ചമർത്തുന്നതിനായുള്ള ടാഡാ നിയമം നടപ്പിലാക്കിയത്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പോലീസ് സംവിധാനത്തിൽ കേരളം ഏറെ മെച്ചപ്പെട്ടതാണ്. നിലവിലുള്ള പോലീസ് നിയമം പരിഷ്ക്കരിക്കുന്ന അവസരത്തിൽ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളും പരിശോധിക്കേണ്ടതുണ്ട്. ഭീകരരുമായി ഏറ്റുമുട്ടി

വീരമൃത്യു വരിച്ച പോലീസുദ്യോഗസ്ഥരും  അധോലോക സംഘങ്ങളെ നേരിടാൻ അനുമതി കൊടുത്തപ്പോൾ സാമ്പത്തികമായ സ്വാധീനത്താൽ നിയമവിരുദ്ധ കൃത്യങ്ങൾ നടത്തിയവരുമുണ്ട്. പോലീസ് സംവിധാനമായാലും മറ്റ് അന്വേഷണ ഏജൻസിയായാലും ബാഹ്യമായ സമ്മർദ്ദങ്ങൾക്ക് വിധേയമാകുന്നത് തടയുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ടാകണം.  ഈ ഗവൺമെന്റിന്റെ സമർത്ഥമായ ഇടപെടലിലൂടെ കമ്മ്യൂണിറ്റി പോലീസിംഗ് ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞു. സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് ഇപ്പോൾ പോലീസ് ബില്ലിൽ വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുള്ളത്.  മനുഷ്യാവകാശങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വ്യവസ്ഥകളാണ് പുതിയ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.  അഞ്ചാം വകുപ്പിൽ പോലീസ് ഉദ്യോഗസ്ഥന്റെ കർത്തവ്യങ്ങൾക്കുപുറമേ പോലീസിന്റെ അധികാരങ്ങളെക്കുറിച്ച് പ്രതിപാദിച്ച് നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്.  മനുഷ്യാവകാശങ്ങൾക്ക് വളരെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു ബില്ലാണിത്.  ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്തരമൊരു ബിൽ നടപ്പിലാക്കിയിട്ടില്ല.  സംസ്ഥാന സുരക്ഷാ കമ്മീഷനിൽ വനിതാ അംഗത്തെക്കൂടി ഉൾപ്പെടുത്തി.  പോലീസിന്റെ ആഭ്യന്തര അച്ചടക്കം സംരക്ഷിക്കാനുള്ള വ്യവസ്ഥകളുണ്ട്.  കസ്റ്റഡിയിലുള്ള ആളുകളുടെ ശാരീരികസ്ഥിതി പരിശോധിക്കാൻ അധികാരം നൽകുന്ന വ്യവസ്ഥ ഈ ബില്ലിലുണ്ട്.  നിർബന്ധമായും സ്വീകരിക്കേണ്ട വ്യവസ്ഥകളും ബന്ധപ്പെട്ട കമ്മീഷൻ അംഗങ്ങൾ നടത്തിയ പരിശോധനയും അവർ രേഖപ്പെടുത്തുന്ന അഭിപ്രായങ്ങളും അതനുസരിച്ച് പോലീസ് മേധാവി സ്വീകരിക്കേണ്ട നടപടിയും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.  110-ാം വകുപ്പനുസരിച്ച്

സംസ്ഥാന/ജില്ലാതലത്തിൽ പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി വ്യവസ്ഥ ചെയ്തിരിക്കുകയാണ്. വിരമിച്ച ഹൈക്കോടതി ജഡ്ജി സംസ്ഥാനതലത്തിലും വിരമിച്ച ജില്ലാ ജഡ്ജി ജില്ലാതലത്തിലും കംപ്ലെയിന്റ്സ് അതോറിറ്റികളുടെ ചെയർപേഴ്സൺ ആയിരിക്കുന്നതാണെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് ഔദ്യോഗിക ഭേദഗതിയായി നിർദ്ദേശിച്ചിരിക്കുന്നത് മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ നൽകുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ റാങ്കിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ച അനുയോജ്യരായ ഉദ്യോഗസ്ഥന്മാരുടെ മൂന്നംഗ പാനലിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന ഒരു വ്യക്തിയും, സംസ്ഥാനത്തെ ലോകായുക്ത നൽകുന്ന അനുയോജ്യരായ റിട്ടയേർഡ് ജില്ലാ ജഡ്ജിമാരുടെ മൂന്നംഗ പാനലിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന ഒരു വ്യക്തിയും എന്നാണ്. പോലീസിനെതിരായുള്ള പരാതികൾ അന്വേഷിക്കുന്നതിൽ പോരായ്മയുണ്ടെന്ന് കണ്ടെത്തിക്കൊണ്ടാണ് ഇപ്പോൾ പുതിയ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. അതിൽ സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയിൽ ഹൈക്കോടതിയിൽ നിന്നും റിട്ടയർ ചെയ്ത ഒരു ജഡ്ജിയുണ്ട്. അവർ ചെയർപേഴ്സൺ ആണ്. മറ്റുള്ളത്, ഒന്ന് പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥനും മറ്റൊന്ന് പ്രിൻസിപ്പൽ സെക്രട്ടറിയുമാണ്. പോലീസനെതിരായി വരുന്ന പരാതികൾ അന്വേഷിക്കാൻ ഔദ്യോഗിക സംവിധാനത്തിന്റെ ഭാഗമല്ലാത്ത മൂന്നാളുകൾ വരികയാണ്. പോലീസിന്റെ അതിക്രമങ്ങളേയോ മറ്റ് നിയമപരമല്ലാത്ത നടപടികളേയോ സംബന്ധിച്ച് അന്വേഷിച്ച് നടപടിയെടുക്കാനുള്ള ഏറ്റവും ഫലപ്രദമായ സംവിധാനമാണ് 110-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളത്. ജനപ്രതിനിധികൾക്ക് പോലീ

സിനുമേൽ മേൽനോട്ട അധികാരമുണ്ടായിരിക്കണം. പോലീസിന്റെ നടപടികളെ സംബന്ധിച്ചുള്ള പരാതികൾ ബന്ധപ്പെട്ട വ്യക്തികളോ സ്ഥാപനങ്ങളോ പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയെ അറിയിക്കുന്നതിനുള്ള അവകാശത്തോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും തങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന പരാതികൾ പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിക്കുമുമ്പാകെ നൽകുന്നതിന് 111-ാം വകുപ്പിൽ വ്യവസ്ഥയുണ്ട്. ഈ നിയമ വ്യവസ്ഥ പോലീസിന്റെ അതിക്രമങ്ങൾ തടയുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഉപാധിയാണ്. പോലീസും ജനങ്ങളും തമ്മിലുള്ള നിയമപരമായ സംവാദം - അതിന് നിയമപരമായി തന്നെ പരിരക്ഷ കിട്ടുന്നതരത്തിലുള്ള വ്യവസ്ഥയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ പോലീസ് സ്റ്റേഷനിലേയ്ക്ക് വ്യാപിപ്പിക്കണം. മറ്റ് സേവന മേഖലകളിലുള്ളതുപോലെ പോലീസുദ്യോഗസ്ഥരുടെ ട്രെയിനിംഗ് പീരിയഡ് സർവ്വീസായി പരിഗണിച്ച നടപടി സ്വാഗതാർഹമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മാതൃകാപരമായിട്ടുള്ള ഒരു നിയമനിർമ്മാണ പ്രക്രിയയിലാണ് ഈ സഭ ഏർപ്പെട്ടിട്ടുള്ളത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളും ഈ ബില്ലിനെ അനുകൂലിക്കണം.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: നിയമനിർമ്മാണ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ് ഇന്ന് ഇവിടെ ചർച്ചചെയ്യപ്പെടുന്നത്. പോലീസ് സേനയെ ജനങ്ങളുമായി കൂടുതൽ അടുപ്പിക്കാനും ജനങ്ങളുടെ ശത്രുക്കളല്ല പോലീസുകാർ എന്ന് ബോധ്യപ്പെടുത്താനുമുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ലോക്കപ്പ് മർദ്ദനത്തിനും മൂന്നാംമുറയ്ക്കും എതിരായ നടപടി സ്വീകരിച്ചത്. ജനാധിപത്യ

അവകാശങ്ങൾ സംരക്ഷിക്കുന്ന നിയമപാലകരായി പോലീസ് സേനയെ മാറ്റിയെടുക്കാൻ വേണ്ടിയാണ് എൽ.ഡി.എഫ്. ശ്രമിച്ചിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങൾക്കെല്ലാം മാതൃകയാകുന്ന വിധത്തിലുള്ള ഒരു നിയമം ഇപ്പോൾ കൊണ്ടുവന്നത് സ്വാഗതാർഹമാണ്. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾക്ക് ഈ ബില്ലിൽ വളരെ പ്രാധാന്യം കൊടുക്കുന്നുണ്ട്. ജനങ്ങളും പോലീസും ശത്രുക്കളായി കണക്കാക്കുന്ന നടപടി അവസാനിപ്പിക്കണം. ദാസ്യവൃത്തി നിരോധിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തത് അഭിനന്ദനാർഹമാണ്. പോലീസുകാർ നിഷ്പക്ഷമായി ജനങ്ങളോട് ഇടപെടുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം അവർ നിയമപരിപാലകരാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം. പോലീസ് സേനയുടെ സ്വഭാവ സവിശേഷതയുടെ അലകും പിടിയും മാറ്റുന്ന രീതിയിലുള്ള നിയമം കൊണ്ടുവരണം. പോലീസിന്റെ പ്രവർത്തന സമ്മർദ്ദം കുറയ്ക്കുകയും ഓരോ പഞ്ചായത്തിലും ഓരോ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുകയും ചെയ്യണം. ക്രമസമാധാന പരിപാലനം സാങ്കേതികകാരണങ്ങളാൽ മാറ്റിവയ്ക്കപ്പെടേണ്ട വിഷയമല്ല. സംസ്ഥാനത്ത് ആവശ്യമായ പോലീസ് സ്റ്റേഷനും പോലീസുകാരും ആധുനിക ശാസ്ത്ര-സാങ്കേതിക സൗകര്യങ്ങളും കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പോലീസിന് വിദഗ്ദ്ധ പരിശീലനവും നൽകണം. പോലീസ് വെൽഫയർ ബ്യൂറോ, സുരക്ഷാ കമ്മിഷൻ, കംപ്ലൈന്റ്സ് അതോറിറ്റി, എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് എന്നിവ രൂപീകരിക്കുന്നത് അഭിനന്ദനാർഹമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവ നിയമത്തിനകത്ത് ഉൾപ്പെടുത്തിക്കൊണ്ട് ആധുനിക ജനാധിപത്യ സംവിധാനത്തിൽ പോലീസ്

എങ്ങനെയായിരിക്കണം എന്ന ഉയർന്ന ചിന്തയുടെ അടിസ്ഥാനത്തിലുള്ള നിയമനിർമ്മാണമാണ് കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാനത്ത് നക്സലൈറ്റുകളേയും തീവ്രവാദികളേയും അടിച്ചമർത്തിയത് ഭരണകൂടത്തെ ഉപയോഗിച്ചും രാഷ്ട്രീയതലത്തിൽ ശക്തമായ ഇടപെടൽ നടത്തിയുമാണ്. ജനസംഖ്യാനുപാതികമായി പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കണം. പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠനം നടത്തിയ കേന്ദ്ര ഏജൻസി ഏറ്റവുമധികം പ്രവർത്തന സമ്മർദ്ദം പോലീസിനുള്ളത് കേരളത്തിൽ നിന്നാണെന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 751 ജനങ്ങൾക്ക് ഒരു പോലീസ് എന്ന അനുപാതമാണുള്ളത്. കാസർഗോഡ് ജില്ലയിലെ 63 പോലീസുകാർ 277 പേരുടെ ജോലിയാണ് നിർവ്വഹിക്കുന്നത്. സെക്ഷൻ (59) നടപ്പാക്കുന്നതിൽ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>) : കേരള പോലീസ് ബില്ലിനെ സംബന്ധിച്ച് നിലവാരമുള്ള ഒരു ചർച്ചയാണ് ഇവിടെ നടന്നത്. അംഗങ്ങൾ ഉന്നയിച്ച ഭേദഗതികളിൽ സ്വീകരിക്കാവുന്നവ വകുപ്പ് തിരിച്ചുള്ള പരിശോധനാവേള യിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. 2002-ലെ പോലീസ് ആക്ടിൽ ഉണ്ടായ പിശകുകൾ ചൂണ്ടിക്കാണിച്ചുവെന്നത് അംഗങ്ങൾ ജാഗ്രതയോടുകൂടി ഈ ബില്ലിനെ സമീപിച്ചുവെന്നതിന്റെ തെളിവാണ്. സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന് ചില അംഗങ്ങൾ ഉന്നയിച്ചിട്ടുള്ളത് അടിസ്ഥാനരഹിത മാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചും മുൻകാലങ്ങളെ അപേക്ഷിച്ചും ക്രമസമാധാനനില മെച്ചപ്പെട്ടു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ക്രമ

സമാധാനത്തിനുള്ള 'ഇന്ത്യാ ടുഡേ'യുടെ ദേശീയ പുരസ്ക്കാരം കുറച്ചു വർഷങ്ങളായി കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത് ക്രമസമാധാനപാലനത്തിൽ കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട നിലയിലാണെന്ന് തെളിയിക്കുന്നതാണ്. കൊലപാതകങ്ങൾ, ഗുണ്ടാ ആക്രമണങ്ങൾ, ഭവനഭേദനം, രാഷ്ട്രീയ കൊലപാതകങ്ങൾ, വാഹനമോഷണം എന്നിവയുടെ എണ്ണം ഗണ്യമായി കുറയ്ക്കാനും മുൻകാലങ്ങളെ അപേക്ഷിച്ച് രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള സംഘർഷത്തിൽ വലിയ മാറ്റമുണ്ടാക്കാനും ഈ സർക്കാരിന് സാധിച്ചു. കുറ്റകൃത്യങ്ങൾ ഇനിയും കുറയ്ക്കേണ്ടതുണ്ട്. സംസ്ഥാനത്ത് പോലീസിന്റെ അംഗസംഖ്യ ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഉള്ള പോലീസിനെവച്ച് കാര്യങ്ങൾ നന്നായി നടത്താൻ കഴിയില്ല. നിലവിലുള്ള ഒഴിവുകൾ നികത്തുക എന്നതിനാണ് ആദ്യ പരിഗണന കൊടുത്തത്. അതിന്റെ ഭാഗമായി മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഓരോ വർഷവും ഒഴിവുവരുന്ന മുറയ്ക്ക് റിക്രൂട്ട്മെന്റ് നടത്താനുള്ള സ്ഥിതിവിശേഷത്തിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. 'സീറോ വേക്കൻസി' ഡിപ്പാർട്ടുമെന്റാക്കി മാറ്റാനുള്ള പ്രക്രിയ ഈ വർഷത്തോടുകൂടി പൂർത്തീകരിക്കും. ഈ സർക്കാർ വന്നശേഷം പി.എസ്.സി. വഴി 10008 പോലീസുകാരെ നിയമിക്കുകയും 2688 തസ്തിക പുതുതായി സൃഷ്ടിക്കുകയും എ.ആർ. ബറ്റാലിയൻ പുതുതായി ആരംഭിക്കുകയും 3000 എക്സ് മിലിട്ടറിക്കാരെ ഹോംഗാർഡായി നിയമിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നശേഷം പുതുതായി 11 പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. ഇനിയും പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കണം. 3 പോലീസ് സ്റ്റേഷൻകൂടി ഫെബ്രുവരി മാസത്തിനുള്ളിൽ

ആരംഭിക്കാനുള്ള നടപടികൾ നടന്നുവരികയാണ്. 8 തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിച്ചത് പോലീസിന്റെ അംഗസംഖ്യയിൽ വർദ്ധനവ് വരുത്താൻ സഹായിച്ചിട്ടുണ്ട്. അടുത്ത വർഷത്തേയ്ക്ക് 10 തീരദേശ പോലീസ് സ്റ്റേഷനുകൾക്കുകൂടി കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഘട്ടംഘട്ടമായി കേരളത്തിലെ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അതുവഴി പോലീസ് സേനയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രധാനമായി സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്. പോലീസ് സംവിധാനം നിഷ്പക്ഷമായി പ്രവർത്തിച്ചാൽ മാത്രമേ കൃത്യമായി നീതിന്യായ നിർവ്വഹണം നടത്താൻ സാധിക്കുകയുള്ളുവെന്ന കാര്യത്തിൽ സംശയമില്ല. സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം നിശ്ചയിക്കുന്നത് ഡി.ജി.പി.യും ഡിവൈ.എസ്.പി. മുതലുള്ളവരുടേത് നിശ്ചയിക്കുന്നത് ഗവൺമെന്റുമാണെന്നുള്ള നയത്തിൽ ഇതുവരെയും മാറ്റം വരുത്തിയിട്ടില്ല. 2010-ലെ കേരള പോലീസ് ബില്ലിൽ സ്ഥലംമാറ്റം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബ്രിട്ടീഷുകാരുടെ ഭരണകാലം മുതൽതന്നെ പോലീസ് സംവിധാനത്തെ നവീകരിക്കേണ്ടത് സംബന്ധിച്ച് നിരവധി റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിനുള്ള ശ്രമം ഉണ്ടായിട്ടില്ലെന്നുള്ളതാണ് വസ്തുത. ഈ ഗവൺമെന്റ് സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് സംവിധാനത്തിൽ കുറേയധികം മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞത്. പോലീസുകാരുടെ ഡ്യൂട്ടി സമയം എട്ട് മണിക്കൂർ ആക്കുക എന്നത് സംസ്ഥാന വ്യാപകമായി ഒരുമിച്ച് നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിലും ഈ ഗവൺമെന്റ് വന്നതിനുശേഷം 51 പോലീസ് സ്റ്റേഷനുക

ളിൽ നടപ്പിലാക്കുകയും ഈ സാമ്പത്തികവർഷം കൂടുതലായി 51 സ്റ്റേഷനുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതുമാണ്. പോലീസ് സേനയിലെ അംഗസംഖ്യ കുറവാണെന്ന പ്രശ്നത്തിന് പരിഹാരമായി സംസ്ഥാനത്തെ ആംഡ് റിസർവ്വിനേയും ലോക്കൽ പോലീസിനേയും സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കാനും അതുവഴി കൂടുതൽ പോലീസുകാരുടെ സേവനം ലാ ആന്റ് ഓർഡർ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി വിനിയോഗിക്കാൻ കഴിയുന്നതുമാണ്. മുമ്പുള്ളതിൽനിന്ന് വ്യത്യസ്തമായി എല്ലാ പോലീസുകാരെയും ബറ്റാലിയനിലേയ്ക്ക് റിക്രൂട്ട് ചെയ്തതിനുശേഷമാണ് മറ്റ് വിഭാഗങ്ങളിലേയ്ക്ക് അയയ്ക്കുന്നത്. ആംഡ് റിസർവ്വ് ഫോഴ്സിന്റെ പ്രവേശനത്തോടെ പോലീസ് സേനയിൽ യുവത്വത്തിന്റെ വരവുണ്ടാകുന്നതുവഴി പോലീസിന്റെ കാര്യശേഷിയിലും വർദ്ധനവുണ്ടാകും. പഴയ ട്രെയിനിംഗ് രീതിയിൽ മാറ്റം വരുത്തിക്കൊണ്ട് ബറ്റാലിയനിലേയ്ക്കു പ്രവേശിപ്പിക്കുമ്പോൾ പരിശീലനം കൊടുക്കുന്നതോടൊപ്പം ലാ ആന്റ് ഓർഡറിലുള്ളവർക്ക് പ്രത്യേക ട്രെയിനിംഗ് നൽകാനുള്ള ക്രമീകരണമുണ്ടാക്കാനും തീരുമാനിച്ചിട്ടുണ്ട്. പോലീസുകാരുടെ പരിശീലന കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുന്നതുസംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ചില പ്രത്യേക സന്ദർഭങ്ങളിൽ സ്പെഷ്യൽ പോലീസ് സ്റ്റേഷന്റെ ആവശ്യം വേണ്ടി വരുന്നതും പരിഗണിക്കുന്നതാണ്. സെക്യൂരിറ്റി കമ്മീഷൻ സംബന്ധിച്ച് ഔദ്യോഗിക ഭേദഗതി കൊണ്ടു വരുന്നതാണ്. പോലീസുകാർക്ക് നിശ്ചിത യൂണിഫോം എന്ന് പറയാതെ അത് എങ്ങനെ പരിഷ്ക്കരിക്കണമെന്നത് സംബന്ധിച്ച് തീരുമാനിക്കാനുള്ള അധികാരം മാത്രമേ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. പോലീസ് സ്റ്റേഷനിൽ നിന്നും ലോക്കപ്പ് വേർതിരിക്കുന്ന

കാര്യം പരീക്ഷണാടിസ്ഥാനത്തിൽ മണർകാട് പോലീസ് സ്റ്റേഷനിൽ ആരംഭിച്ചിരിക്കുകയാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സെൻട്രലൈസ്ഡ് ലോക്കപ്പ് സിസ്റ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി വിജയകരമാകുമെങ്കിൽ മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. കുറ്റകൃത്യങ്ങളുടെ മാറിവരുന്ന സ്വഭാവമനുസരിച്ച് ഇടപെടാൻ കഴിയുന്ന വിധത്തിൽ കാലോചിതമായി നവീകരിച്ച് വൈദഗ്ദ്ധ്യമുള്ള പോലീസ് സേന രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സൈബർ ക്രൈം പോലുള്ള കുറ്റകൃത്യങ്ങൾ നേരിടാൻ പ്രാപ്തമായ രീതിയിൽ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ട്രാഫിക് പരിഷ്ക്കരണ നടപടികൾ സംബന്ധിച്ചും ട്രാഫിക് പോലീസുകാരുടെ ജോലിസമയം സംബന്ധിച്ചും വ്യക്തമായ ക്രമീകരണങ്ങൾ കൊണ്ടുവരേണ്ടതായിട്ടുണ്ട്. മയക്കുമരുന്നിനും മദ്യത്തിനും അടിമപ്പെട്ട് പോകുന്ന ആളുകളെ അതിൽ നിന്നും മോചിപ്പിക്കാനുള്ള പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം ക്രൈം ഇൻവെസ്റ്റിഗേഷനും ക്രമസമാധാന പരിപാലനവും വിഭജിക്കുന്നത് പത്ത് ലക്ഷത്തിൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലാണെങ്കിലും കേരളത്തിൽ മൂന്ന് നഗരങ്ങളിലെങ്കിലും ഇവ വേർതിരിക്കുന്നതിന് തുടക്കംകുറിക്കുകയും ഘട്ടംഘട്ടമായി മറ്റ് സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിച്ച് പോലീസിന്റെ കാര്യശേഷി വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്. പ്ലാൻ ഫണ്ടിൽ നിന്നും പോലീസ് വകുപ്പിന് ആവശ്യമുള്ള തുക വകയിരുത്താൻ തീരുമാനിച്ചു. പോലീസ് സേനയിലെ അംഗങ്ങൾക്ക് സ്വന്തം ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം നൽകുന്നതിനോട് സർക്കാരിന് വിയോജിപ്പില്ല. സംസ്ഥാനത്തെ 142 പോലീസ് സ്റ്റേഷനുകളിലും

കമ്മ്യൂണിറ്റി പോലീസിംഗ് കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുന്നതാണ്. വൈൽഡ് ലൈഫ് ആക്ടുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പോലീസ് ആക്ടിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ കാര്യത്തിലുള്ള അവ്യക്തത ഒഴിവാക്കുന്നതിന് ക്ലാരിഫിക്കേഷൻ കൊടുക്കുന്നതാണ്. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണൂർ വിമാനത്താവളം നെടുമ്പാശ്ശേരി മോഡലിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. നിയമപ്രകാരം പരമാവധി ആളുകളെ ഷെയർ ഹോൾഡർമാരാക്കാൻ സർക്കാർ സന്നദ്ധമാണ്. ഈ പദ്ധതി വിപുലമായ ജനപങ്കാളിത്തത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു..

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

**147.** ഖണ്ഡം 2 (ഡി)-ൽ 'ചതുപ്പ്' എന്ന വാക്ക് 'തോടുകൾ അന്തരീക്ഷം' എന്നീ വാക്കുകൾക്കിടയിൽ ചേർക്കുക.

**153.** ഖണ്ഡം 2 (കെ)-ൽ' മറ്റേതെങ്കിലും ' എന്ന വാക്കിനുശേഷം ' വ്യക്തിയും ' എന്ന വാക്ക് ചേർക്കുക.

163. ഖണ്ഡം 2 (2)-ൽ 'യഥാക്രമം' എന്ന വാക്ക് ഒഴിവാക്കുക.

670. ഖണ്ഡം 2 (കെ)-ൽ' ഏതെങ്കിലും വിഭാഗത്തിനോ '

എന്നതിനുശേഷം ' ഒരു വ്യക്തിക്കോ ' എന്നീ വാക്കുകൾ

കൂട്ടിച്ചേർക്കുക.

145, 146, 148, 149, 150, 152, 156, 157, 160, 164, 165, 666, 671

എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി 146-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

146. ഖണ്ഡം 2 (ഡി)-ൽ 'കായൽ' എന്ന വാക്കിനുശേഷം

'തടാകങ്ങൾ' എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

149. ഖണ്ഡം 2 (എച്ച്)-ൽ ' ഏതെങ്കിലും ' എന്ന വാക്ക് ഒഴിവാക്കുക.

165. ഖണ്ഡം 2 (2)-ൽ "അർത്ഥം ഉണ്ടായിരിക്കുന്നതാണ്" എന്നീ

വാക്കുകൾക്കുപകരം "നിർവ്വചനങ്ങൾ ബാധകമായിരിക്കുന്ന

താണ്" എന്നീ വാക്കുകൾ ചേർക്കുക.

671. ഖണ്ഡം 2(2)-ൽ "1860-ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിലോ

1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ" എന്നതിനുപകരം

"1860-ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിലോ (1860-ലെ 45-ാം കേന്ദ്ര

ആക്ട് ) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ കേന്ദ്ര ആക്ട്)" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

3-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

166.. അദ്ധ്യായം II-ലെ "പോലീസിന്റെ പൊതുവായ കർത്തവ്യങ്ങൾ" എന്ന ഉപശീർഷകം ഒഴിവാക്കേണ്ടതാണ്.

167, 168, 169, 170, 171, 173, 174, 675, 676, 677,678 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

174. ഖണ്ഡം 3-ൽ 'ഉറപ്പുവരുത്തി നിയമപ്രകാരം എല്ലാ ആളുകൾക്കും' എന്ന വാക്കുകൾക്കുശേഷം വരുന്ന വാക്കുകൾക്കുപകരം താഴെപറയുന്ന വാക്കുകൾ ചേർക്കുക:

'അർഹമായ സ്വാതന്ത്ര്യവും പൗരാവകാശങ്ങളും അവർക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും പോലീസ് നിയമാനുസൃതമായി പരിശ്രമിക്കേണ്ടതാണ്.'

മന്ത്രി അവതരിപ്പിച്ച ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

4-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

193. ഖണ്ഡം 4 (എച്ച്)-ൽ "നിയമനടപടികൾക്ക്" എന്ന വാക്കുകൾക്ക് ശേഷം "വിധേയമാക്കുക" എന്ന വാക്കു ചേർക്കുകയും തുടർന്നുള്ള ഭാഗങ്ങൾ ഒഴിവാക്കുകയും ചെയ്യുക.

201. ഖണ്ഡം 4 (കെ)-ൽ

(i) "അപകടമോ" എന്ന വാക്കിനുശേഷം "ഉണ്ടാകുമ്പോൾ അടിയന്തിരമായി ഇടപെടുകയും" എന്നീ വാക്കുകൾ ചേർക്കുക.

(ii) "മൂലം" എന്ന വാക്ക് ഒഴിവാക്കുക

(iii) "ന്യായമായ" എന്ന വാക്കിനുപകരം "ഉചിതമായ" എന്ന വാക്ക് ചേർക്കുക.

218. ഖണ്ഡം 4 (ക്യു)-ൽ "പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും" എന്ന പദപ്രയോഗത്തിന് മുൻപും പിൻപും കോമകൾ നൽകുക.

175, 177, 178, 181, 182, 184, 185, 186, 187, 188, 189, 191, 192, 195, 196, 198, 200, 203, 206, 207, 208, 211, 216, 217, 220, 221, 222, 223, 224, 225, 227, 679, 682, 683, 687, 688 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

195, 211, 688 എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

195. ഖണ്ഡം 4 (ഐ)-ൽ "ആളുകളുടെയും ചരക്കുകളുടെയും നീക്കമുള്ള എല്ലാ പൊതുസ്ഥലങ്ങളിലും" എന്ന ഭാഗം ഒഴിവാക്കുക.

211. ഖണ്ഡം 4 (ഒ) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

" (ഒ) പോലീസ് സേനയുടെ ആന്തരിക അച്ചടക്കം പാലിക്കുകയും നില നിർത്തുകയും ചെയ്യുക. "

688. ഖണ്ഡം 4 (ക്യു)-ൽ "സ്ത്രീകളുടെയും കുട്ടികളുടെയും" എന്ന വാക്കുകൾക്കുശേഷം "മുതിർന്ന പൗരന്മാരുടെയും, കഴിവുകളിൽ വ്യത്യസ്ത തയുള്ള ആളുകളുടെയും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതികളും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

<u>5-ാം വകുപ്പ്</u>

228, 229, 689, 690 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

689-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

689. ഖണ്ഡം 5 (1)-ൽ "1973-ലെ ക്രിമിനൽ നടപടി നിയമസംഹിത യുടെ" എന്നീ വാക്കുകൾക്കുശേഷം " (1974-ലെ 2-ാം കേന്ദ്ര ആക്ട്) " എന്നിവ കൂടി ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>6-ാം വകുപ്പ്</u>

232, 234, 235, 236, 237, 239, 240, 241, 691, 692 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>7-ാം വകുപ്പ്</u>

242, 243, 244, 246, 694 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

242, 243 എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

242. ഖണ്ഡം 7-ന്റെ മാർജിനൽ ശീർഷകത്തിൽ "പൗരന്മാർക്ക്" എന്ന വാക്കിനുപകരം "ആളുകൾക്ക്" എന്ന വാക്ക് ചേർക്കുക.

243. ഖണ്ഡം 7-ൽ "പൗരന്മാർക്കും" എന്ന വാക്കിനുപകരം "ആളുകൾക്കും" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

247. ഖണ്ഡം 8-ലെ മാർജിനൽ ശീർഷകത്തിൽ "പെതുജനത്തിനുള്ള" എന്ന വാക്കിനുപകരം "പെതുജനങ്ങൾക്കുള്ള" എന്ന് ചേർക്കുക.

254. ഖണ്ഡം 8 (3)-ൽ "ബോധിപ്പിക്കുവാനുള്ള" എന്ന വാക്കിനു പകരം "നൽകുവാനുള്ള" എന്ന് ചേർക്കുക.

249, 253, 256, 258, 259, 260, 261, 264, 265, 696 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

261-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

261. ഖണ്ഡം 8 (5)-ൽ "ഏതൊരാൾക്കും" എന്നതിന് പകരം "ഏതൊരാളും" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതികളും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

<u>9-ാം വകുപ്പ്</u>

267, 698 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>10-ാം വകുപ്പ്</u>

268, 271 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

268. ഖണ്ഡം 10-ൽ 'കർത്തവ്യ നിർവ്വഹണത്തിനുമായും' എന്നുള്ളത് 'കർത്തവ്യ നിർവ്വഹണത്തിനായും' എന്നാക്കി മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>11-ാം വകുപ്പ്</u>

272, 274 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

272. ഖണ്ഡം 11 (2)-ൽ "ഉദ്ദേശ്യം" എന്ന വാക്കിനുശേഷം "കാലയളവ്" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>12-ാം വകുപ്പ്</u>

277, 278, 279, 280, 281 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>13-ാം വകുപ്പ്</u>

283, 284, 285, 286 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>14-ാം വകുപ്പ്</u>

288, 289, 290, 291, 293, 700, 701 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

293. ഖണ്ഡം 14 (4)-ൽ "തടയുന്നതായി കരുതേണ്ടതില്ല" എന്നീ വാക്കുകൾക്കുപകരം "ബാധിക്കുന്നതല്ല" എന്ന വാക്കു ചേർക്കുക.

701. ഖണ്ഡം 14(2)-ൽ "സംസ്ഥാന പോലീസ് മേധാവിയുടേതിനേക്കാൾ" എന്ന വാക്കുകൾക്കുപകരം "ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫിനേക്കാൾ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>15-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

299. ഖണ്ഡം 15 (4)-ൽ 'പോലീസ് ഓഫീസർ കമ്മീഷണർ ആയിരിക്കേണ്ടതാണ്' എന്നത് 'പോലീസ് ഓഫീസറെ കമ്മീഷണറായി നിയമിക്കേണ്ടതാണ്' എന്നാക്കി മാറ്റുക.

294, 296, 297, 301, 303, 305, 306, 702, 703, 704 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

294. ഖണ്ഡം 15 (1)-ലെ "നിർണ്ണയിച്ചേയ്ക്കാവുന്നത്ര" എന്ന വാക്കിനുപകരം "നിശ്ചയിച്ചേക്കാവുന്നത്ര" എന്ന വാക്ക് ചേർക്കുക.

296. ഖണ്ഡം 15 (1)-ൽ "എണ്ണം ആളുകൾ" എന്നീ വാക്കുകൾക്കു പകരം "ഉദ്യോഗസ്ഥർ " എന്ന വാക്ക് ചേർക്കുക.

297.ഖണ്ഡം 15 (2)-ൽ "വൈദഗ്ദ്ധ്യത്തോടെയും ഏകീകൃതമായും" എന്ന വാക്കുകൾക്കുപകരം "വൈദഗ്ദ്ധ്യമുള്ളതും ഏകീകൃതവും" എന്ന വാക്കുകൾ ചേർക്കുക.

303. ഖണ്ഡം 15 (5)-ന്റെ ക്ലിപ്ത നിബന്ധനയുടെ ഒന്നാം ഖണ്ഡികയിലെ "ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ" എന്നതിന് പകരം "സംസ്ഥാന പോലീസ് മേധാവിയുടെ" എന്നാക്കി മാറ്റുക.

702. ഖണ്ഡം 15 (3)-ൽ "മെട്രോ പോളിറ്റൻ പ്രദേശങ്ങൾക്കോ മറ്റ് നഗരപ്രദേശങ്ങൾക്കോവേണ്ടി അത്തരം പ്രദേശങ്ങളിലെ" എന്ന വാക്കുകൾക്കുപകരം "മെട്രോ പോളിറ്റൻ പ്രദേശങ്ങളിലെ" എന്ന വാക്കുകൾ ചേർക്കുക.

703.ഖണ്ഡം 15(5)-ൽ രണ്ടാം ക്ലിപ്തനിബന്ധനയിൽ "1973-ലെ ക്രിമിനൽ നടപടി നിയമസംഹിതപ്രകാരവും" എന്നീ വാക്കുകൾക്കുശേഷം "(1974 -ലെ 2-ാം കേന്ദ്ര ആക്ട്)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

704. ഖണ്ഡം 15(5)-ന്റെ ക്ലിപ്തനിബന്ധനയ്ക്കുശേഷമുള്ള വ്യവസ്ഥയ്ക്കുപകരം താഴെപറയുന്നത് ഉപഖണ്ഡം ആയി ചേർക്കുക:

“(6) മെട്രോ പോളിറ്റൻ പോലീസ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ പോലീസ് കമ്മീഷണർക്ക് ഈ ആക്ടോ, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയോ, ഏതെങ്കിലും സംസ്ഥാന നിയമങ്ങളോ പ്രകാരം ജില്ലാ മജിസ്ട്രേറ്റിനുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായി വിനിയോഗിക്കാവുന്നതാണ്.”

മന്ത്രി അവതരിപ്പിച്ച ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

<u>16-ാം വകുപ്പ്</u>

308-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>17-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

310. ഖണ്ഡം 17 (1)-ൽ “പോലീസും പോലീസ് സ്റ്റേഷനുകളും ”

എന്നീ വാക്കുകൾക്കുപകരം “പോലീസ് സേനയും പോലീസ് സ്റ്റേഷനുകളും  അതിനോടനുബന്ധിച്ച മറ്റ് ഓഫീസുകളും ”

എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>18-ാം വകുപ്പ്</u>

311, 313, 316, 317, 318, 319 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

316. ഖണ്ഡം 18 (2)-ൽ "സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതോ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതോ ആയ" എന്ന വാക്കുകൾക്കു പകരം "സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

311-ാം നമ്പർ ഭേദഗതി 22 നെതിരെ 48 വോട്ടുകളോടെ നിരാകരിച്ചു.

<u>19-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

331. ഖണ്ഡം 19 (1) (സി)-ൽ 'ഏതെങ്കിലും' എന്ന വാക്കിനുപകരം 'ജില്ലയിലെ' എന്ന വാക്ക് ചേർക്കുക.

325, 326, 329, 332, 334 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

332. ഖണ്ഡം 19 (1) (സി)-യിലെ "തിരഞ്ഞെടുപ്പ്" എന്നുള്ളത് "തെരഞ്ഞെടുപ്പ്" എന്ന് മാറ്റുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

<u>20-ാം വകുപ്പ്</u>

337, 339, 340 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>21-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

348. ഖണ്ഡം 21 (2) (എച്ച്)-ൽ 'ആ ആവശ്യത്തിനായി'

എന്നതിനുപകരം 'അതിനായി' എന്ന് ചേർക്കുക.

343, 345, 346, 349, 350, 353, 354, 355 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

345. ഖണ്ഡം 21(2)(ഡി)-യിൽ "കായൽപ്രദേശം" എന്നതിനു ശേഷം "നീർത്തടങ്ങൾ" എന്നത്കൂടി ചേർക്കുക.

346. ഖണ്ഡം 21(2)(ഡി)-യിൽ "പോലീസ് സേവനം" എന്നവസാനി

ക്കുന്നത് "പോലീസ് സേവനവും" എന്നാക്കി മാറ്റുക.

350. ഖണ്ഡം 21(2)(ജെ)-യിൽ "ഫോട്ടോഗ്രാഫി" എന്ന വാക്ക് കഴിഞ്ഞ് ഒരു കോമ കൊടുക്കുക.

355. ഖണ്ഡം 21(4)-ൽ "നിർണ്ണയിക്കാവുന്നതാണ്" എന്നത് "നിശ്ചയി

ക്കാവുന്നതാണ്" എന്നാക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>23-ാം വകുപ്പ്</u>

357-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>24-ാം വകുപ്പ്</u>

358, 360, 361, 362, 363, 364, 365, 366, 369, 370, 371, 374, 849 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

358. ഖണ്ഡം 24(2) (iv)-ൽ “ജസ്റ്റിസിന്റെ നാമനിർദ്ദേശപ്രകാരമുള്ള” എന്നത് “ജസ്റ്റിസ് നാമനിർദ്ദേശം ചെയ്യുന്ന” എന്നാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>25-ാം വകുപ്പ്</u>

377, 378, 379, 380, 381, 382, 384, 706 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

377. ഖണ്ഡം 25 (1) (സി) താഴെപ്പറയുംപ്രകാരം മാറ്റുക:

‘(സി) പൊതുവിൽ സംസ്ഥാനത്തെ പോലീസിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുക’.

379. ഖണ്ഡം 25(2)-ൽ “ലഭ്യമാകുന്ന മുറയ്ക്ക്” എന്നതിനുശേഷം “തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ” എന്നുകൂടി ചേർക്കുക.

706. ഖണ്ഡം 25 (ഡി)-യ്ക്കുശേഷം ഇനിപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും നിലവിലെ (ഇ) എന്നത് (എഫ്) ആക്കി മാറ്റുകയും ചെയ്യുക:

“(ഇ) സംസ്ഥാന പോലീസിൽ കാലാകാലങ്ങളിൽ ഉണ്ടാകേണ്ട മാറ്റങ്ങൾക്ക് മാർഗ്ഗനിർദ്ദേശം തയ്യാറാക്കുക”.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>26-ാം വകുപ്പ്</u>

387, 388, 389, 390 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

387. ഖണ്ഡം 26(1)-നുശേഷം (2) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്ന ഉപഖണ്ഡങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

" (2) പ്രസ്തുത പാനലിലെ അംഗങ്ങൾ തുടർച്ചയായി രണ്ടു ടേമിൽ കൂടുതൽ അംഗങ്ങളായി തുടരുവാൻ പാടില്ല".

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>27-ാം വകുപ്പ്</u>

391, 392, 393 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

391. ഖണ്ഡം 27-ൽ "4-ാം വകുപ്പുപ്രകാരം" എന്നീ വാക്കുകൾക്കും അക്കത്തിനും പകരം "ഈ ആക്ടുപ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

393. ഖണ്ഡം 27-ൽ "പ്രർത്തികളും" എന്ന വാക്കിനുപകരം "പ്രവൃത്തികളും" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>28-ാം വകുപ്പ്</u>

395-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>29-ാം വകുപ്പ്</u>

396, 399, 402, 403, 404, 406, 407 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി മന്ത്രി സ്വീകരിച്ചു.

404. ഖണ്ഡം 29(5)-ൽ "പെരുമാറുവാൻ പാടില്ല" എന്നതിനുശേഷം "പെരുമാറുവാനോ സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കുവാനോ പാടുള്ളതല്ല" എന്നാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>30-ാം വകുപ്പ്</u>

408, 410, 412, 414 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

410. ഖണ്ഡം 30(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "മാനദണ്ഡങ്ങൾക്ക്" എന്ന വാക്കിനുപകരം "മാനദണ്ഡങ്ങൾക്കും നടപടിക്രമങ്ങൾക്കും" എന്നീ വാക്കുകൾ ചേർക്കുക.

412. ഖണ്ഡം 30 (3)-ന്റെ ക്ലിപ്ത നിബന്ധനയിൽ 'ഒരാൾക്കെതിരായി' എന്നത് 'ഒരാളെ' എന്നാക്കി മാറ്റുക.

414. ഖണ്ഡം 30(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ചെയ്യുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്" എന്നത് "ചെയ്യാവുന്നതാണ്" എന്നാക്കി മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>31-ാം വകുപ്പ്</u>

418, 420 421 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

418. ഖണ്ഡം 31(3)-ൽ "പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി" എന്നതിനു ശേഷം "സംസ്ഥാന പോലീസ് മേധാവിയുടെ അനുമതിയില്ലാതെ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>32-ാം വകുപ്പ്</u>

423-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>34-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

708. ഖണ്ഡം 34-ൽ "1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ" എന്നീ വാക്കുകൾക്കുശേഷം "(1974-ലെ 2-ാം കേന്ദ്ര ആക്ട്)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

424-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

709. ഖണ്ഡം 34-ൽ

(1) "പ്രസ്തുത പരാതി" എന്നതുമുതൽ "കാരണമില്ലാത്ത പക്ഷം" എന്നതുവരെയുള്ള വാക്കുകൾ നീക്കം ചെയ്ത ശേഷം "പരാതിയിന്മേൽ" എന്ന വാക്ക് ചേർക്കുക.

(2) "അതിന്മേൽ" എന്ന വാക്ക് നീക്കം ചെയ്യുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>35-ാം വകുപ്പ്</u>

425-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>36-ാം വകുപ്പ്</u>

426-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

710. ഖണ്ഡം 36(1)-ൽ "ഒരു പോലീസ് ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്കുശേഷം "മതിയായ കാരണങ്ങളാൽ" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>37-ാം വകുപ്പ്</u>

427, 428 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

428-ാം നമ്പർ ഭേദഗതി 19-നെതിരെ 39 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>38-ാം വകുപ്പ്</u>

429, 431 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

429. ഖണ്ഡം 38(1)-ൽ "സ്ഥലത്ത് സന്നിഹിതമായ ഏതെങ്കിലും" എന്നീ വാക്കുകൾക്കുപകരം "ഒരു" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

39-ാം വകുപ്പ്

437-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

437. ഖണ്ഡം 39(2) (ബി)-ൽ "പ്രവർത്തിക്കേണ്ടുന്ന" എന്നീ വാക്കുകൾക്കുപകരം "പ്രവർത്തിക്കേണ്ട" എന്ന വാക്കു ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

40-ാം വകുപ്പ്

441, 443, 445, 711, 712 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

711. ഖണ്ഡം 40(1)-ൽ "അഞ്ചോ അതിലധികമോ ആളുകളോ, പൊതുജനങ്ങളോ ഹാജരുള്ള ഒരു സ്ഥലത്ത്" എന്ന വാക്കുകൾക്കുപകരം "പൊതുജനങ്ങൾ ഹാജരുള്ള സ്ഥലത്ത് അഞ്ചോ അതിലധികമോ ആളുകൾ, ഒരു" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

41-ാം വകുപ്പ്

448-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

43-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

450. ഖണ്ഡം 43(1)-ൽ "പോലീസ് സേവനം ആഗ്രഹിക്കുന്ന പൊതുജന ങ്ങൾക്ക്" എന്നീ വാക്കുകൾ ഒഴിവാക്കുക.

455. ഖണ്ഡം 43(4)-ൽ 'പോലീസ് യൂണിഫോം എന്ന തോന്നൽ ഉളവാക്കുന്ന' എന്നീ വാക്കുകൾക്കുപകരം 'പോലീസ് യൂണിഫോമോ പോലീസ് യൂണിഫോം എന്ന തോന്നൽ ഉളവാക്കുന്നതോ ആയ' എന്നീ വാക്കുകൾ ചേർക്കുക.

451, 452, 453 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>44-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

456. ഖണ്ഡം 44(1)-ൽ "പോലീസ് സേവനം ആഗ്രഹിക്കുന്ന " എന്നീ വാക്കുകൾ നീക്കം ചെയ്യുക.

714. ഖണ്ഡം 44 (1)-ൽ "സാധനങ്ങൾ" എന്ന വാക്കിനുപകരം "ഉപകരണങ്ങൾ" എന്ന് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

457. ഖണ്ഡം 44(3)-ൽ "സൂക്ഷിക്കുവാൻ" എന്ന വാക്കിനുപകരം "സൂക്ഷിക്കുവാനോ ഉപയോഗിക്കുവാനോ" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>45-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

463. ഖണ്ഡം 45(2) (ബി)-ൽ "അഭിപ്രായമുള്ള" എന്ന വാക്കിനു പകരം "വസ്തുതാപരമായി ബോദ്ധ്യമുള്ള" എന്ന വാക്കുകൾ ചേർക്കുക.

458, 459, 460, 461, 467, 469, 470 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

458. ഖണ്ഡം 45(1)-ൽ "ദേശവിരുദ്ധത" എന്നത് "ദേശവിരുദ്ധതയോ" എന്നാക്കി മാറ്റുക.

461. ഖണ്ഡം 45(1)-ൽ "അല്ലെങ്കിൽ" എന്ന വാക്ക് നീക്കം ചെയ്യുക.

467. ഖണ്ഡം 45(2) (ഡി)-ൽ "പരിശോധിക്കുകയും" എന്ന വാക്കിനുപകരം "പരിശോധിപ്പിക്കുകയും" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>46-ാം വകുപ്പ്</u>

471, 472, 473, 475, 716 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>47-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

476. ഖണ്ഡം 47(1)-ൽ "സ്വയം സംരക്ഷിക്കാൻ അശക്തരായി കാണപ്പെടുന്ന ഒരാളെ" എന്ന വാക്കുകൾക്കുപകരം "സ്വയം സംരക്ഷിക്കാൻ അശക്തനായതോ മറ്റുള്ളവർക്ക് ഉപദ്രവം ഉണ്ടാക്കുവാനിടയുള്ളതോ ആയ ഒരാളെ" എന്ന വാക്കുകൾ .ചേർക്കുക.

477. ഖണ്ഡം 47(2)-ൽ "സൂക്ഷിക്കണമെന്ന്" എന്ന വാക്കിനു ശേഷം "രേഖാമൂലം" എന്നുകൂടി ചേർക്കുക.

479-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

479. ഖണ്ഡം 47(2)-ൽ "സ്ഥാപനത്തിന്റ അധികാരികൾ അഭ്യർത്ഥന" എന്നത് "സ്ഥാപനത്തിന്റെ അധികാരികൾ ആ അഭ്യർത്ഥന" എന്നാക്കി മാറ്റുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>48-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

481. ഖണ്ഡം 48-ൽ "സന്ദർഭോചിതവും ന്യായവുമായ രീതിയിൽ" എന്നീ വാക്കുകൾ നീക്കം ചെയ്യുക

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>49-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

482. ഖണ്ഡം 49(3)-ന് ശേഷം 4-ാം ഉപഖണ്ഡമായി താഴെപ്പറയുന്നത് ചേർക്കുക.

"(4) പോലീസ് കസ്റ്റഡിയിലുള്ള ഒരാളുടെ വൈദ്യ പരിശോധനയുടേയും ചികിൽസയുടേയും റിപ്പോർട്ടിന്റെ പകർപ്പ് കുറ്റാരോപിതരോ അവരുടെ ബന്ധുക്കളോ ആവശ്യപ്പെടുന്ന പക്ഷം നൽകേണ്ടതാണ്."

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>50-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

853. ഖണ്ഡം 50-ൽ,-

(i) ശീർഷകത്തിനു ശേഷമുള്ള "(1)" എന്ന അക്കവും ബ്രാക്കറ്റും ഒഴിവാക്കുക.

(ii) "(i), (ii)" എന്നീ ഉപവകുപ്പുകളിൽ ഉള്ള അക്കങ്ങളും ബ്രാക്കറ്റും ഒഴിവാക്കി അവിടെ യഥാക്രമം "എന്നാൽ" എന്ന വാക്കും "എന്നു മാത്രമല്ല" എന്നീ വാക്കുകളും ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

850, 851 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി  സഭ അംഗീകരിച്ചു.

850, 851 എന്നീ നമ്പർ ഭേദഗതികൾ 16-നെതിരെ 47 വോട്ടുകളോടെ സഭ നിരാകരിച്ചു.

51-ാം വകുപ്പ്

483-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

52-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

484. ഖണ്ഡം 52(2) താഴെപ്പറയുന്ന പ്രകാരം മാറ്റുക.

'(2) ഇത്തരത്തിലുള്ള വിവരങ്ങളും രേഖകളും അവ ആവശ്യപ്പെടുന്ന ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ നിശ്ചയിച്ച ന്യായമായ സമയപരിധിക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.'

485-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

53-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

487. ഖണ്ഡം 53-ൽ "പൂർവ്വകാലത്തോ ഉള്ള" എന്നത് "പൂർവ്വകാലത്തുള്ളതോ ആയ" എന്ന് തിരുത്തുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

54-ാം വകുപ്പ്

490, 492 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

490. ഖണ്ഡം 54(1) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

‘(1). നഷ്ടപ്പെട്ടതോ, മോഷ്ടിക്കപ്പെട്ടതോ ഏതെങ്കിലും കുറ്റകൃത്യത്തിന്റെ ഭാഗമായി കണ്ടുപിടിക്കേണ്ടതോ ആയ സാധന സാമഗ്രികളുടെ പട്ടിക ലഭ്യമായിടത്തോളമുള്ള തിരിച്ചറിയൽ വിവരങ്ങളോടുകൂടി ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, ഏതൊരു സേവനദാതാവിനെയും ഏൽപ്പിക്കാവുന്നതാണ്.‘

490–ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

## 55-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

494. ഖണ്ഡം 55(1)-ൽ 'പോലീസ് പിടിച്ചെടുത്തതും പോലീസിന്റെ കൈവശത്തിൽ വന്നുചേർന്നതുമായ' എന്ന വാക്കുകൾക്ക് പകരം 'പോലീസ് പിടിച്ചെടുത്തതോ പോലീസിന്റെ കൈവശത്തിൽ വന്നുചേർന്നതോ ആയ' എന്നീ വാക്കുകൾ ചേർക്കുക.

496, 498 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

## 56-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

506. ഖണ്ഡം 56 (11)-ൽ ’കൈവശം വന്ന’ എന്ന വാക്കുകൾക്കു പകരം ’കൈവശം വന്ന്’ എന്ന വാക്കുകൾ ചേർക്കുക.

499, 503, 505 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

499. ഖണ്ഡം 56-ൽ 'അവകാശിയില്ലാത്ത വസ്തുക്കൾ സംബന്ധിച്ച പോലീസ് നടപടികൾ ഇനിപ്പറയുന്നപ്രകാരമായിരിക്കുന്നതാണ് ' എന്ന വാക്കുകൾ നീക്കം ചെയ്യുക.

503. ഖണ്ഡം 56(10)-ൽ 'വേഗത്തിൽ നശിച്ചുപോകുന്ന ആരാണ് അവകാശിയെന്നറിയില്ലാത്ത ഒരു വസ്തുവിനെയോ കന്നുകാലികളെയോ' എന്ന വാക്കുകൾക്കുപകരം 'ആരാണ് അവകാശി എന്നറിയില്ലാത്ത കന്നുകാലികളെയോ വേഗത്തിൽ നശിച്ചുപോകുന്ന ഒരു വസ്തുവിനെയോ' എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

## <u>57-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

510. ഖണ്ഡം 57(3)-ൽ ''പകർപ്പ് നൽകേണ്ടതും പകർപ്പ് ലഭിച്ചതിനുശേഷം സാക്ഷി, പകർപ്പ്'' എന്ന വാക്കുകൾക്കുപകരം ''പകർപ്പ് സാക്ഷിക്ക് നൽകേണ്ടതും പകർപ്പ് ലഭിച്ചതിനുശേഷം സാക്ഷി അത്തരം പകർപ്പ്'' എന്നു മാറ്റുക.

718. ഖണ്ഡം 57(4)-ൽ '1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ' എന്നീ വാക്കുകൾക്ക് ശേഷം '(1973-ലെ 2-ാം കേന്ദ്ര ആക്ട്)' എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

509, 512 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

512. ഖണ്ഡം 57(5) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

'(5) കാണാതായ ആളിനെ അന്വേഷണത്തിൽ കണ്ടെത്തിയാൽ ഉത്തരവാദിത്വമുള്ള രക്ഷകർത്താക്കളെ രേഖാമൂലം ഏല്പിക്കുകയോ അധികാരിതയുള്ള മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്'.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>58-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

719. ഖണ്ഡം 58-ൽ "(1)" എന്ന അക്കവും "ബ്രായ്ക്കറ്റും" നീക്കം ചെയ്യുക.

514-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>59-ാം വകുപ്പ്</u>

515, 516, 720 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>61-ാം വകുപ്പ്</u>

518, 724 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>**62-ാം വകുപ്പ്**</u>

519, 520, 521, 523, 726, 727 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

521. ഖണ്ഡം 62(3)-ൽ നിന്നും "വ്യക്തിക്കോ, സ്ഥാപനത്തിനോ, വ്യക്തികളുടെ ഒരു സംഘത്തിനോ അത്തരം" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>63-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

729. ഖണ്ഡം 63 (എഫ്)-ൽ '1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ' എന്നീ വാക്കുകൾക്കുശേഷം '(1974-ലെ 2-ാം കേന്ദ്ര ആക്ട്)' എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

524, 527, 528 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി അംഗീകരിച്ചു.

524. ഖണ്ഡം 63 (ബി)-ൽ "വ്യക്തിയ്ക്കോ" എന്ന വാക്കിനുപകരം "വ്യക്തികൾക്കോ" എന്ന വാക്ക് ചേർക്കുക.

527. ഖണ്ഡം 63 (സി)-ൽ "തർക്കമുള്ള വ്യക്തിയെയോ" എന്നതിനുപകരം "തർക്കമുള്ള വ്യക്തികളെയോ" എന്ന വാക്കുകൾ ചേർക്കുക.

528. ഖണ്ഡം 63 (ഡി)-ൽ "വ്യക്തിയെയോ" എന്നതിനുപകരം "വ്യക്തികളെയോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

**64-ാം** വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

736. ഖണ്ഡം 64 (7)-ന്റെ തുടക്കത്തിൽ ‘‘കമ്മ്യൂണിറ്റി സമ്പർക്ക സമിതി ആ പ്രദേശത്ത്’’ എന്നീ വാക്കുകൾ ചേർക്കുക.

529, 531, 533, 732, 733 734, 737 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

531. ഖണ്ഡം 64 (2)-ൽ ‘‘ഉൾപ്പെടെയുള്ളവർക്കും’’ എന്ന വാക്കിനു പകരം ‘‘എന്നിവർക്കും’’ എന്നു ചേർക്കുക.

533. ഖണ്ഡം 64 (10) താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുക.

‘‘(10) കമ്മ്യൂണിറ്റി സമ്പർക്ക സമിതിക്ക് നിയമപ്രകാരമുള്ള പോലീസിന്റെ യാതൊരു അധികാരവും ഇല്ലാത്തതും കുറ്റാന്വേഷണമോ ക്രമസമാധാനപാലനമോ സമിതി സ്വയം ഏറ്റെടുക്കാൻ പാടില്ലാത്തതുമാണ്’’.

734. ഖണ്ഡം 64 (5)-ൽ ‘‘ഇടയ്ക്കിടെ’’ എന്ന വാക്ക് നീക്കം ചെയ്യുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

**65-ാം** വകുപ്പ്

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

535. ഖണ്ഡം 65 (1) -ൽ ''മതിയായി ബീറ്റ് പട്രോളുകളെ'' എന്ന വാക്കുകൾക്കുപകരം ''ബീറ്റ് പട്രോളുകളെ'' എന്ന വാക്കുകൾ ചേർക്കുക.

536. ഖണ്ഡം 65 (1) -ൽ ''മതിയായി ബീറ്റ് പട്രോളുകളെ'' എന്ന വാക്കുകൾക്കുപകരം ''ബീറ്റ് പട്രോളുകളെ'' എന്ന വാക്കുകൾ ചേർക്കുക.

738. ഖണ്ഡം 65 (2) (സി)-യുടെ തുടക്കത്തിൽ "ബീറ്റ്" എന്ന വാക്കു ചേർക്കുക.

537, 538, 539, 540 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

538. ഖണ്ഡം 65 (2) (സി)-യിൽ ''സാമൂഹ്യ വിരുദ്ധർ'' എന്നതിനു ശേഷം ''ശ്രദ്ധിക്കപ്പെടേണ്ട അപരിചിതർ'' എന്നുകൂടി ചേർക്കുക.

540. ഖണ്ഡം 65 (2) (എഫ്)-ൽ ''ഏല്പിച്ചുകൊടുക്കുന്ന പ്രദേശത്തെ സംബന്ധിച്ച്'' എന്നതിനുപകരം ''പ്രദേശത്തെ സംബന്ധിച്ച് ഏല്പിച്ചു കൊടുക്കുന്ന'' എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

**66–ാം വകുപ്പ്**

739–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

739. ഖണ്ഡം 66-ന്റെ മാർജിനൽ ശീർഷകത്തിൽ ''പരിതോഷികം'' എന്ന വാക്കിനുപകരം ''പാരിതോഷികം'' എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>**67**-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

844. ഖണ്ഡം 67-ൽ (1)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൂടി ഇപ്പോഴത്തെ ക്ലിപ്തനിബന്ധനയ്ക്ക് മുമ്പായി ചേർക്കേണ്ടതാണ്.

''എന്നാൽ അത്തരം നടപടികൾ സ്വീകരിക്കുമ്പോൾ അങ്ങനെയുള്ള കെട്ടിടമോ സ്ഥലമോ ഉപയോഗിക്കുന്ന സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരൻമാർ, കഴിവിൽ വ്യത്യസ്തതയുള്ള ആളുകൾ എന്നിവർക്കുണ്ടാകാവുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് അത്തരം പ്രയാസങ്ങൾ പരമാവധി ഒഴിവാക്കേണ്ടതാണ്.''

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

741. ഖണ്ഡം 67 (1)-ൽ "കൈവശപ്പെടുത്തുകയോ" എന്നതിനുപകരം "ഏറ്റെടുക്കുകയോ" എന്ന വാക്ക് ചേർക്കുക.

742. ഖണ്ഡം 67 (1)-ൽ "അദ്ദേഹത്തിന്" എന്ന വാക്ക് നീക്കം ചെയ്യുക.

542, 740, 745 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

740. ഖണ്ഡം 67-ന്റെ മാർജിനൽ ശീർഷകം ഇനി പറയും പ്രകാരം മാറ്റുക.

"67. ലഹള തടയുന്നതിനായി കെട്ടിടവും പരിസരവും ഏറ്റെടുക്കൽ:-"

ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

## 69-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

746. ഖണ്ഡം 69 (1) (ഡി)-യ്ക്കു ശേഷം താഴെപ്പറയുന്ന ഇനം പുതുതായി ചേർക്കുക:

:'(ഇ) ജീവനും സ്വത്തും സംരക്ഷിക്കുന്നതിൽ സ്വകാര്യമോ, അല്ലാതെയോ ആയ ഉപകരണങ്ങളോ മറ്റ് കാര്യങ്ങളോ ആവശ്യപ്പെടാവുന്നതും അത് കൈവശമുള്ളവർ പോലീസുദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം നൽകേണ്ടതുമാണ്.'

544, 545 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

## 70-ാം വകുപ്പ്

546, 548, 747 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

546. ഖണ്ഡം 70-ൽ "പോലീസിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കേണ്ട ആവശ്യത്തിലേക്കായ" എന്നത് "പോലീസിന്റെ

ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കേണ്ട ആവശ്യത്തിലേക്കായി'' എന്ന് മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

71-ാം വകുപ്പ്

748-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

748. ഖണ്ഡം 71-ന്റെ മാർജിനൽ ശീർഷകം ഇനി പറയുംപ്രകാരം മാറ്റുക.

"71. പോലീസ് ഉദ്യോഗസ്ഥൻ വിവരം മുതലായവ സമർപ്പിക്കാമെന്ന്.-"

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**72**-ാം വകുപ്പ്

549, 550, 551, 749, 750 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

549. ഖണ്ഡം 72 (3) (ബി)-യുടെ ഖണ്ഡികയുടെ അവസാനം ''ക്രമീകരിക്കുക'' എന്ന വാക്കിനുപകരം ''ക്രമീകരിക്കുകയും ആവശ്യമെങ്കിൽ നീക്കം ചെയ്യുകയും ചെയ്യുക'' എന്ന് ചേർക്കുക.

550. ഖണ്ഡം 72 (3) (സി)-യിലെ ''ബോയിലറുകൾ'' എന്ന വാക്കിനു ശേഷം ''കച്ചി, മണ്ണ്'' എന്നുകൂടി ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

**73**-ാം വകുപ്പ്

552, 554, 556 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

556. ഖണ്ഡം 73 (4)-ൽ ''പരിശീലനം നടത്തുന്ന'' എന്നതിനുപകരം ''പരിശീലനം നടക്കുന്ന'' എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**74**-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

751. ഖണ്ഡം 74 (1) (ഡി)-ൽ "2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്ട്" എന്നീ വാക്കുകൾക്കുശേഷം "(2007-ലെ 34-ാം ആക്റ്റ് )" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

558-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**75**-ാം വകുപ്പ്

560-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

560. ഖണ്ഡം 75 (1)-ലെ ''വ്യക്തികൾക്ക്'' എന്നതിനുപകരം ''വ്യക്തികൾക്കോ സംഘടനകൾക്കോ'' എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**76**-ാം വകുപ്പ്

752-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>**77**-ാം വകുപ്പ്</u>

564, 565, 754 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>**78**-ാം വകുപ്പ്</u>

567, 569 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

569. ഖണ്ഡം 78 (1) (iii) -ൽ ''പോസ്റ്ററുകൾ'' എന്നതിനുശേഷം ''ബാനറുകൾ'' എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>**79**-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

572. ഖണ്ഡം 79 (2)-ൽ ''വിളംബരപ്പെടുത്തിയ ഏതൊരു വിജ്ഞാപനവും'' എന്നത് ''വിളംബരപ്പെടുത്തിയ ഏതൊരു വിജ്ഞാപനത്തിനും'' എന്നാക്കി മാറ്റുക.

576. ഖണ്ഡം 79 (4)-ൽ ''തിരക്കുള്ള പൊതുനിരത്തുകളിലെ പ്രദർശനങ്ങൾ'' എന്നത് ''തിരക്കുള്ള പൊതുനിരത്തുകളിലെ പ്രകടനങ്ങൾ'' എന്നാക്കി മാറ്റുക.

578, 756, 757 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>**80**-ാം വകുപ്പ്</u>

580-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

580. ഖണ്ഡം 80 (1) (ഡി)-ൽ ''ജൈവരാസപദാർത്ഥങ്ങളോ'' എന്നതിനു ശേഷം ''ഇലക്ട്രോണിക് വേസ്റ്റുകളോ'' എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**82**-ാം വകുപ്പ്

581-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

**83**-ാം വകുപ്പ്

584, 760 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

584. ഖണ്ഡം 83(1)-ൽ ''സർക്കാർ സംസ്ഥാന പോലീസ് മേധാവിയുടെ'' എന്നത് ''സർക്കാരിന് സംസ്ഥാന പോലീസ് മേധാവിയുടെ'' എന്നാക്കി മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**84**-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

761. ഖണ്ഡം 84-ൽ ''1968-ലെ കേരള പബ്ലിക് സർവ്വീസ് ആക്ടിലേയും'' എന്നതിന് ശേഷം ''(1968-ലെ 19-ാം ആക്റ്റ്)'' എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**85**-ാം വകുപ്പ്

763-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

**86-ാം വകുപ്പ്**

585, 587, 588, 591, 764, 766 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

585. ഖണ്ഡം 86 (1) (എ)-ൽ ''ഭാരതപൗരൻ അല്ലാത്തതോ'' എന്നത് ''ഭാരതപൗരത്വം ഇല്ലാത്തതോ'' എന്നാക്കി മാറ്റുക.

588. ഖണ്ഡം 86 (1) (എഫ്)-ൽ ''ഏതെങ്കിലും നിരോധിക്കപ്പെട്ട സംഘടനയിൽ അംഗമായിരിക്കുകയോ'' എന്നതിനുശേഷമുള്ള ''അംഗമായിരുന്നിട്ടുള്ളതോ'' എന്ന വാക്ക് നീക്കം ചെയ്യുക.

591. ഖണ്ഡം 86 (2)-ൽ ''സ്ഥിരം നിയമനത്തിന് ചേരുവാൻ അനുവദിക്കുകയുള്ളൂ'' എന്നത് ''സ്ഥിരം നിയമനത്തിന് അനുവദിക്കുകയുള്ളൂ'' എന്നാക്കി മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

**88-ാം വകുപ്പ്**

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

845. ഖണ്ഡം 88-ൽ പോലീസ് ഉദ്യോഗസ്ഥർക്ക് അധികാരത്തിന്റെ രേഖ നൽകേണ്ടതാണ് എന്നതിനുശേഷം ഉള്ള ഭാഗം 1-ാം ഉപവകുപ്പാക്കി മാറ്റിയശേഷം 2-ാം ഉപവകുപ്പായി താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്.

> "വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ഒരു വ്യക്തിയുടെ പരിശീലന കാലയളവ് നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്. "

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**93**-ാം വകുപ്പ്

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

847. ഖണ്ഡം 93(2) താഴെപ്പറയും പ്രകാരം മാറ്റുക.

" സസ്പെന്റ് ചെയ്യപ്പെടുന്നതിനുമുൻപ് ബാധകമായിരുന്ന അച്ചടക്കം സംബന്ധിച്ച ചട്ടങ്ങൾക്കും നിയന്ത്രണാധികാരികൾക്കും സസ്പെന്റ് ചെയ്യപ്പെട്ട ആൾ പൂർണ്ണമായും വിധേയനായിരിക്കുന്നതാണ്."

594. ഖണ്ഡം 93(4)-ൽ " നിയമനാധികാരിയിൽനിന്നും ഏഴ് ദിവസത്തിനുള്ളിൽ" എന്നത് " നിയമനാധികാരി ഏഴ് ദിവസത്തിനുള്ളിൽ" എന്നാക്കി മാറ്റുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

**94**-ാം വകുപ്പ്

596, 770 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**95**-ാം വകുപ്പ്

597-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

597-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

597. ഖണ്ഡം 95(3)-ൽ " ഏതെങ്കിലും വ്യക്തിയോടൊ വസ്തുവിനോടൊ"

എന്നത് " ഏതെങ്കിലും വ്യക്തിയോടോ വസ്തുവിനോടോ" എന്നാക്കി മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**96**-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

856. ഖണ്ഡം 96(3)-ന് ഇനി പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ അപ്രകാരം അറിയിക്കാതിരിക്കുന്ന പോലീസുദ്യോഗസ്ഥനെ വകുപ്പുതല അച്ചടക്ക നടപടികൾക്ക് വിധേയനാക്കേണ്ടതാണ്."

771-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**97**-ാം വകുപ്പ്

773, 774 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**98**-ാം വകുപ്പ്

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

603. ഖണ്ഡം 98(1)-ൽ 'രേഖാമൂലമുള്ള ഉത്തരവിലൂടെ സത്സ്വഭാവിയും ആരോഗ്യവാനും' എന്നതിനുപകരം ' രേഖാമൂലമുള്ള ഉത്തരവിലൂടെ സൽസ്വഭാവിയും ആരോഗ്യവാനും' എന്ന വാക്കുകൾ ചേർക്കുക.

607. ഖണ്ഡം 98(4)-ൽ 'പരിതസ്ഥിതിയിൽ മാത്രം' എന്ന വാക്കുകൾക്കുപകരം 'പരിതസ്ഥിതിയിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ' എന്ന വാക്കുകൾ ചേർക്കുക.

605-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

605-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

605. ഖണ്ഡം 98(2)(ബി)-ൽ ‘നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കുന്നതുമാണ്’ എന്ന വാക്കുകൾക്ക് പകരം ‘നിയന്ത്രണങ്ങൾക്ക് വിധേയനായിരിക്കുന്നതുമാണ്’ എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>**99**-ാം വകുപ്പ്</u>

777, 778 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>**101**-ാം വകുപ്പ്</u>

780, 613 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

613-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

613. ഖണ്ഡം 101(8)(1)-ൽ “ ശേഷം ശിക്ഷിക്കുകയോ വെറുതേ വിടുകയോ ചെയ്യുകയാണെങ്കിൽ” എന്നത് “ശേഷം വെറുതെ വിടുകയാണെങ്കിൽ” എന്നാക്കി മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>**104**-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

614. ഖണ്ഡം 104 (1)-ൽ “സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽ”എന്ന വാക്കുകൾക്കുപകരം “സംസ്ഥാന പോലീസിൽ” എന്ന വാക്കുകൾ ചേർക്കുക.

616, 854 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

616-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

616. ഖണ്ഡം 104 (5)(എഫ്)-ൽ "വ്യക്തിയുടേയോ" എന്ന വാക്കിനുപകരം "വ്യക്തയിൽ നിന്നോ" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>108-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

782. ഖണ്ഡം 108(2) ൽ "സംസ്ഥാന പോലീസ് മേധാവി നിശ്ചയിക്കുന്ന വലിയ അപകട സാദ്ധ്യതയുള്ള" എന്നീ വാക്കുകൾക്കു പകരം "വലിയ അപകട സാദ്ധ്യതയുള്ളതെന്ന് സംസ്ഥാന പോലീസ് മേധാവി നിശ്ചയിക്കുന്ന " എന്നീ വാക്കുകൾ ചേർക്കുക.

783-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>109-ാം വകുപ്പ്</u>

785-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>110-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

848. ഖണ്ഡം 110 (2)-ൽ (iv), (v) എന്നീ ഇനങ്ങൾ പുതുതായി ചേർക്കുക.

"(iv) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ നല്കുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ റാങ്കിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ച അനുയോജ്യമായ ഉദ്യോഗസ്ഥന്മാരുടെ മൂന്നംഗ പാനലിൽനിന്നും സർക്കാർ നിശ്ചയിക്കുന്ന ഒരു വ്യക്തി.

(v) സംസ്ഥാനത്തെ ലോകായുക്ത നല്കുന്ന അനുയോജ്യരായ റിട്ടയേർഡ് ജില്ലാ ജഡ്ജിമാരുടെ മൂന്നംഗ പാനലിൽനിന്നും സർക്കാർ നിശ്ചയിക്കുന്ന ഒരു വ്യക്തി".

618, 788, 790, 791, 792, 793, 852 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

618. ഖണ്ഡം 110(4)(iii)-ൽ "ജില്ലാ പോലീസ് സൂപ്രണ്ട് " എന്നത് " ജില്ലാ പോലീസ് മേധാവി" എന്നാക്കി മാറ്റുക.

788. ഖണ്ഡം 110-ന്റെ മാർജിനൽ ശീർഷകം താഴെപ്പറയും പ്രകാരം തിരുത്തുക.

"സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റി"

852. ഖണ്ഡം 110(2)(iv)-ൽ "അനുയോജ്യരായ ഉദ്യോഗസ്ഥൻമാരുടെ മൂന്നംഗ പാനലിൽനിന്നും" എന്നതിനുശേഷം "പ്രതിപക്ഷ നേതാവുമായി ആലോചിച്ച്" എന്നുചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

**111**–ാം വകുപ്പ്

620, 800, 801 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

801–ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ മന്ത്രി സ്വീകരിച്ചു.

801. ഖണ്ഡം 111–ൽ "പാർലമെന്റ് അംഗങ്ങൾ" എന്ന് കഴിഞ്ഞ് "കോർപ്പറേഷൻ മേയർമാർ" എന്നു കൂടി ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**112**–ാം വകുപ്പ്

621–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

621–ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

621. ഖണ്ഡം 112(4)–ൽ "അനുവദിക്കാവുന്നതാണ്" എന്ന വാക്കിനു പകരം "അനുവദിക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**113**–ാം വകുപ്പ്

803–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

**114**–ാം വകുപ്പ്

624, 625 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

624–ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടുകൂടി സ്വീകരിച്ചു.

ഖണ്ഡം 114 (ബി)-ൽ “സ്വമേധയായോ തനിക്ക്” എന്നീ വാക്കുകൾക്കുപകരം “സ്വമേധയാ”എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**<u>115-ാം വകുപ്പ്</u>**

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

809. ഖണ്ഡം 115-ന്റെ ശീർഷകത്തിൽ “ഭയപ്പെടുത്തി” എന്ന വാക്കിനുപകരം “ഭീഷണിപ്പെടുത്തി” എന്ന് ചേർക്കുക.

807, 808 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

**<u>116-ാം വകുപ്പ്</u>**

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

811. ഖണ്ഡം 116(എ)-ൽ “പരിശോധന” എന്ന വാക്കിനു പകരം “അനാവശ്യമായ പരിശോധന” എന്ന് ചേർക്കുക.

813. ഖണ്ഡം 116(ഡി)-ൽ “ഒരു ആരോപണം” എന്നതിനു പകരം “ആരോപണം” എന്ന് ചേർക്കുക.

814, 816 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

814-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

814. ഖണ്ഡം 116(ഡി)-ലെ അവസാന വരിയിലെ “ഒരു” എന്ന വാക്ക് നീക്കം ചെയ്യുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

**117-ാം വകുപ്പ്**

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഒരു ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

822. ഖണ്ഡം 117 (ഡി)-ൽ " പോലീസ്" എന്നതിനുശേഷം " അന്വേഷണത്തെ" എന്ന വാക്കു ചേർക്കുക.

626, 627 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

626-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു

626. ഖണ്ഡം 117 (ഇ)-യിലെ ക്ലിപ്തനിബന്ധനയിൽ " ചെയ്താൽ അയാളെ " എന്നീ വാക്കുകൾക്കുപകരം "ചെയ്താൽ, അയാൾ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

**118 -ാം വകുപ്പ്**

628, 826, 828, 829, 830 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

628, 826, 828 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിച്ചു.

628. ഖണ്ഡം 118 (ഐ)-ലെ ക്ലിപ്തനിബന്ധനയിൽ " അയാളെ" എന്ന വാക്കിനുപകരം " അയാൾ" എന്ന് ചേർക്കുക.

826. ഖണ്ഡം 118 (എ)-ൽ " ലഹരി പിടിച്ച അവസ്ഥയിലോ" എന്നതി നുപകരം " ലഹരിക്കടിമപ്പെട്ട നിലയിലോ" എന്നീ വാക്കുകൾ ചേർക്കുക.

828. ഖണ്ഡം 118 (ജി)-.ൽ " 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിൽ" എന്നതിനുശേഷം " (2007-ലെ 34-ാം ആക്റ്റ്) " എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>**119**-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

634. ഖണ്ഡം 119(2)-ൽ "ബന്ധപ്പെട്ട സേവനദാതാവിനോടോ, പൊതുസ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തിയോടോ" എന്നതിനു പകരം " ബന്ധപ്പെട്ട സേവനദാതാവിനോടോ, പൊതുസ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തിയോടോ" എന്ന് തിരുത്തുക.

630, 631 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

631-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

631. ഖണ്ഡം 119 (1) (ബി)-ലെ ക്ലിപ്തനിബന്ധനയിൽ "ചെയ്യുകയാണെങ്കിൽ അയാളെ" എന്നത് "ചെയ്യുകയാണെങ്കിൽ അയാൾ" എന്നാക്കി മാറ്റുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

## 120-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിച്ചു.

635. ഖണ്ഡം 120 (എഫ്)-ൽ " ജലവിതരണത്തെയോ പൊതു ശുചീകരണ നടപടികളേയോ മലിനമാക്കുകയോ" എന്ന വാക്കുകൾക്ക് പകരം " ജലവിതരണത്തെ മലിനമാക്കുകയോ പൊതുശുചീകരണ നടപടികളെ തടസ്സപ്പെടുത്തുകയോ" എന്ന് ചേർക്കുക.

637. ഖണ്ഡം 120 (എം)-ൽ " വിടുന്നുവെങ്കിൽ" എന്ന വാക്കിനു പകരം " വിടുകയും ചെയ്യുന്നു എങ്കിൽ" എന്ന് ചേർക്കുക.

836. ഖണ്ഡം 120 (ഡി)-ൽ " വസ്തുവിന്റെ സൂക്ഷിപ്പുകാരന്റെ" എന്നതിനുപകരം " ഉടമസ്ഥന്റേയോ സൂക്ഷിപ്പുകാരന്റേയോ" എന്ന് ചേർക്കുക.

635, 837, 838, 839, 840 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

837. ഖണ്ഡം 120 (ഐ)-ൽ " (വ്യതിചലനത്തിന് യഥാർത്ഥമായ ആവശ്യമോ തക്കതായ കാരണമോ ഇല്ലാതെ) " എന്ന ഭാഗം ബ്രാക്കറ്റുകൾ നീക്കം ചെയ്ത് ആ ഇനത്തിന്റെ തുടക്കത്തിൽ ചേർക്കുക.

839. ഖണ്ഡം 120 (എൽ)-ൽ " സ്വയം" എന്ന വാക്കിനുപകരം " ബോധപൂർവ്വം" എന്ന വാക്ക് ചേർക്കുക.

840. ഖണ്ഡം 120 (എൻ)-ൽ "മറ്റു സാധനം" എന്ന വാക്കിനുശേഷം " എന്നിവ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

121-ാം വകുപ്പ്

639-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

123-ാം വകുപ്പ്

641-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

125-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

846. ഖണ്ഡം 125-ൽ 2(എ)-ൽ " തുടരുന്നതിനോ തടയുന്നതിനോ" എന്ന വാക്കുകൾക്കു പകരം " തടയുന്നതിനോ തുടരാതിരിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

126-ാം വകുപ്പ്

841-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

127-ാം വകുപ്പ്

842-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

129-ാം വകുപ്പ്

643, 645, 648 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

645, 648 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിച്ചു.

645. ഖണ്ഡം 129 (2)-ൽ

" ഭംഗം വരാതെയും അപ്രകാരമുള്ള ചട്ടങ്ങൾ" എന്നത് " ഭംഗം വരാതെ" എന്നാക്കി മാറ്റുക.

648. ഖണ്ഡം 129(2)-ൽ

" വ്യവസ്ഥ ചെയ്യാവുന്നതുമാണെന്ന് " എന്നത് " വ്യവസ്ഥ ചെയ്യാവുന്നതാണ്" എന്നാക്കി മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

130-ാം വകുപ്പ്

649-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

131-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

843. ഖണ്ഡം 131(1)-ൽ " 1960-ലെ കേരള പോലീസ് ആക്റ്റ് " എന്നതിനുശേഷം " (1961-ലെ 5-ാം ആക്റ്റ്) " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു

1-ാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

112. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ " ജീവനും" എന്ന വാക്കിനുശേഷം " സ്വത്തിനും" എന്ന വാക്ക് ചേർക്കുക.

123. പീഠികയിൽ ഒന്നാം ഖണ്ഡികയിൽ നാലാം വരിയിൽ “ നിയമ വാഴ്ച ഉയർത്തിപ്പിടിക്കുന്നതിനും” എന്നീ വാക്കുകൾക്കുപകരം “ നിയമ വാഴ്ച ഉറപ്പാക്കുന്നതിനും” എന്നീ വാക്കുകൾ ചേർക്കുക.

133. പീഠികയുടെ മൂന്നാം ഖണ്ഡിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

“ ആധുനിക ജനാധിപത്യ സമൂഹത്തിന് അനുയോജ്യമായി പ്രവർത്തിക്കുന്നതും ജനസൗഹാർദ്ദവും ക്രമസമാധാനവും നില നിർത്തുന്നതുമായ ഒരു പോലീസ് സംവിധാനം വേണ്ടതിനാലും”.

107, 108, 109, 110, 114, 116, 119, 120, 123, 124, 126, 127,129, 132, 133, 134, 135, 139, 140, 143, 651, 661, 662, 664 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

109. ദീർഘശീർഷകത്തിൽ “ നിയന്ത്രണവും” എന്ന വാക്കിനുശേഷം “ അധികാരങ്ങളും കർത്തവ്യങ്ങളും” എന്നീ വാക്കുകൾ ചേർക്കുക.

116. പീഠികയിലെ ഒന്നാം ഖണ്ഡികയിലെ “ അർഹമായ” എന്ന വാക്ക് നീക്കം ചെയ്യുക.

124. പീഠികയിൽ ഒന്നാം ഖണ്ഡികയിൽ അഞ്ചാമത്തെ വരിയിൽ “നിപുണതയും” എന്ന വാക്കിന് പകരം “ നൈപുണ്യവും” എന്ന വാക്ക് ചേർക്കുക.

139. പീഠികയിലെ അഞ്ചാം ഖണ്ഡികയിൽ " രൂപീകരണവും നിയന്ത്രണവും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതും" എന്നീ വാക്കുകൾക്കു പകരം " രൂപീകരണവും നിയന്ത്രണവും അധികാരവും കർത്തവ്യങ്ങളും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതും " എന്ന് തിരുത്തുക.

664. ഖണ്ഡം 1 (1)-ൽ " 2010 " എന്ന അക്കങ്ങൾക്ക് പകരം " 2011 " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2010-ലെ കേരള പോലീസ് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: ഈ നിയമം എത്രയുംവേഗം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പോലീസ് സേനയെ നവീകരിക്കുന്നതിനുവേണ്ടി പോലീസ് കോഡ് പരിഷ്ക്കരിച്ച് ഒരു മാതൃകാ നിയമം കൊണ്ടുവരണമെന്ന് 22-09-2006-ൽ സുപ്രീംകോടതി അഭിപ്രായപ്പെട്ടതാണ്. Contempt of court-ൽ നിന്നും രക്ഷപ്പെടാൻ വേണ്ടിയാണ് ഇതുപോലൊരു നിയമം തട്ടിക്കൂട്ടി സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. 4 വർഷമെടുത്തുവെങ്കിലും സമഗ്രമായ ഒരു നിയമം അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ 16 വകുപ്പുകൾ

അനുസരിച്ച് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന് കൊടുത്തിരുന്ന അധികാരങ്ങളെല്ലാം പോലീസ് കമ്മീഷണർക്ക് കൊടുത്താൽ പോലീസ് രാജ് ഉണ്ടാകുമെന്നതിനാൽ അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി.ടി. അഹമ്മദ് അലി: ഈ ബില്ലിന്റെ ചർച്ചയിൽ ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ജനങ്ങൾക്ക് നീതിപൂർവ്വമായും സത്യസന്ധമായും സംരക്ഷണം നൽകാൻ ഈ നിയമത്തിലൂടെ കഴിയണം. ഈ ബില്ലിന്റെ റൂൾസ് അടിയന്തിരമായി ഫ്രെയിം ചെയ്ത് നിയമം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ജി. കാർത്തികേയൻ: 2010-ലെ കേരള പോലീസ് ബില്ലിനെ സംബന്ധിച്ച് ഒട്ടേറെ ആശങ്കകൾ നിലനിൽക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്ന ഇക്കാലത്ത് പോലീസ് സേനയെ അതിനനുസരിച്ച് അപ്ഡേറ്റ് ചെയ്യണം. പോലീസ് സേനയുടെ അച്ചടക്കം, നിഷ്പക്ഷത എന്നിവ വളരെ പ്രധാനമാണ്. ഈ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): 1997-ൽ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കു നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആധുനികമായ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്നതും സുപ്രധാനവുമായ ഒരു നിയമം പാസ്സാക്കി നിയമസഭ ചരിത്രം സൃഷ്ടിക്കാൻ പോകുകയാണ്.

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള): പോലീസ് സേനയ്ക്ക് പുതിയൊരു ഉണർവ്വും ഉന്മേഷവും നൽകുന്ന ഒരു നിയമമാണിത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകു

ന്നതിനുവേണ്ടിയുള്ള ഭേദഗതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുറ്റമറ്റതും ദീർഘ വീക്ഷണത്തോടുകൂടിയതും ഭാവി കേരളത്തിന് പ്രതീക്ഷയുളവാക്കുന്നതും സമ്പൂർണ്ണവുമായ ഒരു നിയമമാണിത്.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പോലീസിന് പുതിയ ജനകീയ മുഖം നൽകുന്ന 'കേരള പോലീസ് ബിൽ' നിയമമാകുന്നതിലൂടെ പോലീസ് സംവിധാനത്തിലും ക്രമീകരണത്തിലും പുതിയ രൂപവും ഭാവവും നൽകിയിരിക്കുകയാണ്. പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിന് പുതിയ പാത വെട്ടിത്തുറന്നുകൊടുത്തിരിക്കുന്നു. ഈ പ്രക്രിയയിൽ സഹകരിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു.

ശ്രീ. പി.എം.എ. സലാം: മഹത്തായ ലക്ഷ്യത്തോടെയുള്ള ഈ നിയമം ജനങ്ങൾ ഏറെ പ്രതീക്ഷയോടെ സ്വീകരിക്കും. എത്രയുംപെട്ടെന്ന് സാധാരണ ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്കവിധം റൂൾ ഉണ്ടാക്കി നിയമം പ്രാബ ല്യത്തിലാക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിനനുയോജ്യമായ രൂപത്തിൽ നിയമം കൊണ്ടുവന്നതിനെ അഭിനന്ദിക്കുന്നു.

ശ്രീ. എ.എ. അസീസ്: ഈ നിയമം കാലാനുസൃതമായ മാറ്റത്തോടു കൂടി പാസ്സാക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേസഹകരിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു. ഈ നിയമം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീക രിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: ഈ നിയമനിർമ്മാണ പ്രക്രിയയിൽ പങ്കെടുത്ത എല്ലാവരേയും അഭിനന്ദിക്കുന്നു. സുപ്രീംകോടതി

നിർദ്ദേശത്തെത്തുടർന്ന് ഇത്തരമൊരു നിയമനിർമ്മാണം നടത്തി കേരളം മാതൃകയായിരിക്കുകയാണ്.

ശ്രീ. കെ.കെ. ഷാജു: 1997-ൽ കേന്ദ്ര സർക്കാർ, സംസ്ഥാനങ്ങൾക്ക് നൽകിയ നിർദ്ദേശപ്രകാരം കാലോചിതമായ പരിഷ്ക്കാരങ്ങളോടെ ഇത്തര മൊരു നിയമം പാസ്സാക്കുന്ന നാലാമത്തെ സംസ്ഥാനമാണ് കേരളം. നിയമം പ്രാബല്യത്തിൽ വരുത്തി അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കേരള നിയമസഭയ്ക്ക് പുതുവർഷത്തിന്റെ തുടക്കത്തിൽത്തന്നെ പോലീസ് നിയമം പാസ്സാക്കിയെടുക്കാൻ സാധിച്ചത് അഭിമാനാർഹമാണ്. ഈ നിയമനിർമ്മാണ പ്രക്രിയയിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ മെമ്പർമാരും സജീവമായി പങ്കെടുത്തു. നിയമം കുറ്റമറ്റതാക്കുന്നതിന് സെലക്ട് കമ്മിറ്റി നടത്തിയ പരിശ്രമത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. കേരളത്തിലെ അഭിഭാഷക സമൂഹം, സാമൂഹ്യ പ്രവർത്ത കർ തുടങ്ങി ഒട്ടേറെ മേഖലകളിൽ നിന്ന് ലഭിച്ച പ്രതികരണം നിയമത്തിൽ പരിഷ്ക്കരണം കൊണ്ടുവരാൻ സഹായിച്ചു. നിയമത്തിൽ കാലാനുസൃത മായ ഭേദഗതികൾ ഇനിയും വേണ്ടിവരും. നിയമം എത്രയുംവേഗം നടപ്പിലാ ക്കുന്നതിന് റൂൾ ഉണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. നിയമനിർമ്മാണ പ്രക്രിയയ്ക്ക് അവസരമൊരുക്കിക്കൊടുത്ത സ്പീക്കർ, ഇതിൽ പങ്കെടുത്ത മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ഇതിൽ സഹകരിച്ച ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ്, നിയമവകുപ്പ്, ധനകാര്യ വകുപ്പ് തുടങ്ങി എല്ലാ വരോടും നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 1960-ലെ പോലീസ് ആക്ടിനുപകരമുള്ള ഈ ബിൽ പാസ്സാകുന്നതോടെ പോലീസിന്റെ ഘടന യിലും ചുമതലയിലുമെല്ലാം ഒരു സമഗ്ര പരിഷ്ക്കരണമുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. ആധുനിക ജനാധിപത്യസമൂഹത്തിന് അനുയോജ്യമായ ഒരു മുഖം പോലീസ് സേനയ്ക്ക് നൽകാൻ ഈ നിയമത്തിലൂടെ സാധിക്കും. കാലഘട്ടത്തിനനുസരിച്ച് ഓരോ സന്ദർഭത്തിലും ആവശ്യമായ ഭേദഗതികൾ ഇനിയും വരുത്തേണ്ടതായി വരും. ഈ നിയമനിർമ്മാണത്തിൽ സഹായിച്ച എല്ലാവർക്കും ഹാർദ്ദവമായ നന്ദി അറിയിക്കുന്നു. ഈ നിയമം അതിവേഗം നടപ്പിലാക്കുന്നതിന് റൂൾസ് കഴിയുന്നത്ര വേഗംതന്നെ നടപ്പിലാക്കുന്നതിന് കഴിയുന്നതാണെന്ന് ഉറപ്പ് നൽകുന്നു.

കേരള പോലീസ് ബിൽ, 2010 പാസ്സാക്കണമെന്ന പ്രമേയം 20-നെതിരെ 48 വോട്ടുകളോടെ സഭ അംഗീകരിക്കുകയും ഒരാൾ നിഷ്പക്ഷത പാലിക്കുകയും ചെയ്തു.

ബിൽ സഭ പാസ്സാക്കി.

**അവകാശലംഘന പ്രശ്നം**

പരിഗണനയിലിരിക്കുന്നത്

മി. സ്പീക്കർ: അനർട്ടിലെ അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച് അടിയന്തിര പ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള നോട്ടീസിന് ബഹുമാനപ്പെട്ട പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ മറുപടി നിയമസഭയേയും നിയമസഭാം ഗങ്ങളേയും മന:പൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണെന്ന് കാണി

ച്ചുകൊണ്ട് ബഹുമാനപ്പെട്ട പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. പി.സി. ജോർജ് നൽകിയ നോട്ടീസ്.

മുഖ്യമന്ത്രിയുടെ പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നതിനെ സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസ്സിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

12-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്തവിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും പുതുവത്സരാശംസകൾ നേരുകയും ചെയ്തു.

സഭ വൈകുന്നേരം 6.35-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.